مبرة الآل والأصحاب

رابطة العالم الإسلامي
MUSLIM WORLD LEAGUE

وزارة الأوقاف والشئون الإسلامية

## സ്വഹാബികളും നബികുടുംബവും തമ്മിലെ

# സ്നേഹം അടുപ്പം

**അലി ബ്നു ഹമദ് അത്തമീമി**

**മൊഴിമാറ്റം**

**അശ്റഫ് കീഴുപറമ്പ്**

**മബർറത്തുൽ ആൽ വൽ അസ്ഹ്വാബ്**

ഗവേഷണ പഠന വിഭാഗം

സ്വഹാബികളും നബികുടുംബവും തമ്മിലെ

# സ്നേഹം
# അടുപ്പം

അലി ബ്നു ഹമദ് അത്തമീമി

# الآل والصحابة

# محبة وقرابة

إعداد

**علي بن حمد التميمي**

الباحث في مركز البحوث والدراسات بالمبرة

സ്വഹാബികളും നബികുടുംബവും തമ്മിലെ

## സ്നേഹം അടുപ്പം

**പ്രസാധനം**

**മബർറത്തുൽ ആൽ വൽ അസ്ഹ്വാബ്**

**വഖ്ഫ് ഇസ്‌ലാമിക മന്ത്രാലയം കുവൈത്ത്**

**ഫോൺ: 2560203, ഫാക്സ്: 2560346**

email: almabarrah@gmail.com / www.almabarrah.net

بسم الله الرحمن الرحيم

# സ്വഹാബികളും നബികുടുംബവും തമ്മിലെ
# സ്നേഹം
# അടുപ്പം


അലി ബ്നു ഹമദ് അത്തമീമി

●

മൊഴിമാറ്റം

അശ്റഫ് കീഴുപറമ്പ്



**മബർറതുൽ ആൽ വൽ അസ്വ്ഹാബ്**

ഗവേഷണ പഠന വിഭാഗം

# ഉള്ളടക്കം

ആമുഖം 9

ഖണ്ഡം ഒന്ന്
വിവാഹബന്ധം നബി/നബികുടുംബവും ഖുലഫാഉർറാശിദുകളും തമ്മിൽ 11

ഖണ്ഡം രണ്ട്
ലോകാനുഗ്രഹിയുടെ പെൺമക്കൾ 15

ഖണ്ഡം മൂന്ന്
അലി(റ)യുമായി ഫാത്വിമ(റ)യുടെ വിവാഹം 17

ഖണ്ഡം നാല്
അലി(റ)യും മക്കളും ഇഷ്ടപ്പെട്ട പേരുകൾ 20

ഖണ്ഡം അഞ്ച്
നബികുടുംബവും സ്വിദ്ദീഖ് കുടുംബവും തമ്മിലെ വിവാഹ ബന്ധങ്ങൾ 23

ഖണ്ഡം ആറ്
'അബൂബക്കർ രണ്ട് തവണ എനിക്ക് ജന്മം തന്നു' 26

ഖണ്ഡം ഏഴ്
നബികുടുംബവും ഉമർ(റ) കുടുംബവും തമ്മിലെ വിവാഹ ബന്ധങ്ങൾ 29

ഖണ്ഡം എട്ട്
'ഞാൻ രണ്ട് ഖലീഫമാരുടെ പുത്രൻ' 32

ഖണ്ഡം ഒമ്പത്
അൽ ഹുസൈനുബ്നു അലി(റ) 35

ഖണ്ഡം പത്ത്
ഉസ്മാൻ(റ) നബി കുടുംബത്തിൽ 39

ഖണ്ഡം പതിനൊന്ന്
നബികുടുംബവും ഉസ്മാൻകുടുംബവും തമ്മിലെ വിവാഹ ബന്ധങ്ങൾ 43

ഖണ്ഡം പന്ത്രണ്ട്
നബികുടുംബവും അബ്ദുശ്ശംസ് കുടുംബവുമായി വിവാഹ ബന്ധങ്ങൾ 45

ഖണ്ഡം പതിമൂന്ന്
സുബൈർ (റ) പ്രവാചക കുടുംബത്തിൽ 47

ഖണ്ഡം പതിനാല്
അലികുടുംബവും സുബൈർ കുടുംബവും തമ്മിലുള്ള വിവാഹ ബന്ധങ്ങൾ 51

ഖണ്ഡം പതിനഞ്ച്
അലി-ത്വൽഹ കുടുംബങ്ങൾ തമ്മിലുള്ള വിവാഹ ബന്ധങ്ങൾ 52

ഖണ്ഡം പതിനാറ്
ഹുസൈന്റെ സന്തതികളുടെ വൈവാഹിക ബന്ധങ്ങൾ 55

ഖണ്ഡം പതിനേഴ്
മുഹമ്മദുൽ ബാഖിർ(റ) 58

ഖണ്ഡം പതിനെട്ട്
മുഹമ്മദ് ദീബാജിന്റെ മകൾ ഹഫ്സ്വ(റ) 61

ഖണ്ഡം പത്തൊമ്പത്
സത്യവിശ്വാസികളുടെ മാതാക്കളായ പ്രവാചക പത്നിമാർ 64

ഖണ്ഡം ഇരുപത്
സ്വർഗം വാഗ്ദാനം ചെയ്യപ്പെട്ട പത്തു പേർ 67

ഖണ്ഡം ഇരുപത്തിയൊന്ന്
ഇസ്ലാമിക രാഷ്ട്രം ഖുലഫാഉർറാശിദുകളുടെ കാലത്ത് 70

## ആമുഖം

പ്രവാചകൻ തിരുമേനിയുടെ കുടുംബവും അദ്ദേഹത്തിന്റെ അനുയായികളും തമ്മിലുണ്ടായിരുന്ന ഊഷ്മളമായ സ്നേഹബന്ധങ്ങളും സൗഹൃദവും ഉച്ചൈസ്തരം പ്രഖ്യാപിക്കുന്ന ഇരുപത് കുറിപ്പുകളാണ് ഈ പുസ്തകത്തിൽ ഉൾപ്പെടുത്തിയിരിക്കുന്നത്. ആ സ്നേഹബന്ധത്തിന് സാക്ഷ്യമായി ആർക്കും നിഷേധിക്കാനാവാത്ത നിരവധി തെളിവുകളും ഹാജരാക്കിയിരിക്കുന്നു. ഖുർആൻ പറഞ്ഞതുപോലെ അവർ പരസ്പരം 'സ്നേഹ കാരുണ്യങ്ങൾ ചൊരിയുന്നവർ' (റുഹമാഉ ബൈനഹും) ആയിരുന്നു. പ്രവാചക ശ്രേഷ്ഠനോടൊപ്പം ഉത്തമ നൂറ്റാണ്ടിൽ ജീവിച്ച സച്ചരിതരായ വിശ്വാസിസമൂഹം. അവരുടെ നോക്കിലും വാക്കിലും പ്രവൃത്തിയിലുമെല്ലാം പ്രവാചകൻ അവരെ അഭ്യസിപ്പിച്ച ആ മഹോന്നത സംസ്കാരം പ്രകാശം പരത്തുകയുണ്ടായി.

പ്രവാചക കുടുംബവുമായി ബന്ധപ്പെട്ട, അഞ്ചോ ആറോ തലമുറകളിലേക്ക് നീളുന്ന അമ്പതിലധികം വിവാഹബന്ധങ്ങളാണ് നാം ഈ പുസ്തകത്തിൽ പരിശോധിക്കുന്നത്. മക്കളിലേക്കും പേരമക്കളിലേക്കും നീളുന്ന ആ വംശശൃംഖലയെക്കുറിച്ച് പഠിച്ചാൽ അവർക്കിടയിലുണ്ടായിരുന്ന സാമൂഹിക ബന്ധങ്ങളുടെ ഇഴയടുപ്പം നമുക്ക് തൊട്ടറിയാനാവും. വായനക്കാരന് പെട്ടെന്ന് ഓർത്തെടുക്കാനുള്ള സൗകര്യത്തിന് ചാർട്ടുകൾ സഹിതമാണ് നാം ഓരോ ഖണ്ഡവും തയാറാക്കിയിരിക്കുന്നത്.

ഈ വിവാഹബന്ധങ്ങളെക്കുറിച്ച് ഒന്നു രണ്ട് കാര്യങ്ങൾ കൂടി. സുന്നീ, ശീഈ ചരിത്ര രേഖകളിൽ സ്ഥിരപ്പെട്ടു വന്ന വിവാഹബന്ധങ്ങളേ നാമിവിടെ പരാമർശിക്കുന്നുള്ളൂ. കൂടുതൽ ആഴത്തിൽ പഠിച്ചാൽ ഇനിയും വിവാഹബന്ധങ്ങൾ നിങ്ങൾക്ക് കണ്ടെത്താൻ കഴിഞ്ഞെന്ന് വരും. വിവാഹം, അതുവഴിയുള്ള കുടുംബ ബന്ധം എന്നിവക്ക് അറേബ്യൻ സംസ്കാരം പ്രാചീന കാലം മുതൽക്കേ വലിയ മഹത്വം കൽപിച്ചിരുന്നുവെന്ന് നമുക്ക് കാണാൻ കഴിയും. കുലമഹിമയും കർമസുബദ്ധതയുമുള്ള കുടുംബങ്ങളിൽനിന്ന് മാത്രമേ അറബികൾ വിവാഹം ചെയ്യാറുണ്ടായിരുന്നുള്ളൂ. ഇസ്‌ലാം വന്നപ്പോൾ ഈ പാരമ്പര്യത്തെ ശരിവെച്ചതോടൊപ്പം, ഒന്നാമത്തെ മാനദണ്ഡം തഖ്‌വ (ദൈവഭക്തി) ആയിരിക്കണമെന്ന് നിജപ്പെടുത്തുകയും ചെയ്തു. വംശത്തിന്റെ/ കുടുംബത്തിന്റെ പരിശുദ്ധി ഉറപ്പുവരുത്തുക എന്നത്

ഇസ്‌ലാമികമായ ഒരാശയമാണ്. നമ്മുടെ ഇക്കാലത്തും സമൂഹം അത് പരിപാലിച്ചുപോരുന്നുണ്ട്.

അതുപോലെത്തന്നെ സന്താനങ്ങൾക്ക് പേരിടുമ്പോഴും നല്ല പേര് തെരഞ്ഞെടുക്കുക എന്നത് എല്ലാ സമൂഹങ്ങളിലും കാണപ്പെടുന്ന ഒന്നാണ്. അത് മുസ്‌ലിംകളിൽ പരിമിതമൊന്നുമല്ല. തങ്ങൾക്ക് ഏറ്റവും അടുപ്പം തോന്നു പേരുകളാണ് അവർ മക്കൾക്ക് നൽകുക. ഹാശിം കുടുംബത്തിന്റെ ചരിത്രം പരിശോധിച്ചാൽ ദീൻ കൊണ്ടും വംശപരിശുദ്ധി കൊണ്ടും പദവിയൊത്തവർ (കുഫ്‌വ്) തമ്മിലായിരുന്നു വിവാഹം നടത്തിയിരുന്നത് എന്ന് കാണാൻ കഴിയും. പദവിയൊക്കാത്തവർ തമ്മിലുള്ള വിവാഹം ഭരണകർത്താക്കൾ ഇടപെട്ട് തടഞ്ഞതിനും ചരിത്രത്തിൽ ധാരാളം തെളിവുകളുണ്ട്.

ഈ പുസ്തകം വിശ്വാസിസമൂഹത്തെ സത്യപാതയിൽ ഉറപ്പിച്ചു നിർത്താൻ പ്രേരണയാവട്ടെ എന്ന് ജഗന്നിയാന്താവിനോട് പ്രാർഥിക്കുന്നു.

**അലിബ്നു ഹമദ് അത്തമീമി**

**1429 ജമാദുൽ അവ്വൽ 22**

**(2008 മെയ് 27)**

ഖണ്ഡം- ഒന്ന്


# വിവാഹബന്ധം
# നബി/നബികുടുംബവും ഖുലഫാഉർറാശിദുകളും തമ്മിൽ

അബൂബക്കർ, ഉമർ, ഉസ്മാൻ, അലി(റ) എന്നീ നാല് ഖുലഫാഉർറാശിദുകളുമായി മുഹമ്മദ് നബി(സ)ക്ക് ഉണ്ടായിരുന്ന സാമൂഹിക ബന്ധങ്ങളാണ് നാം ഒന്നാം കുറിപ്പിൽ പരിചയപ്പെടുത്തുന്നത്. ആദ്യമായി ഇസ്‌ലാം സ്വീകരരിച്ച പുരുഷനാണ് അബൂബക്കർ(റ). അദ്ദേഹം തന്റെ മകൾ ആഇശ(റ)യെ പ്രവാചകന് വിവാഹം ചെയ്തുകൊടുത്തു. പ്രവാചകന്റെ മൂന്നാമത്തെ ഭാര്യയായാണ് അവർ കണക്കാക്കപ്പെടുന്നത്. പ്രവാചകപത്നിമാരിൽ ഏക കന്യകയായിരുന്നു ആഇശ; ഏറ്റവും പ്രായം കുറഞ്ഞ ഭാര്യയും. പക്ഷേ പ്രവാചക പത്നിമാരിൽ ഏറ്റവുമധികം ഹദീസ് നിവേദനം ചെയ്തിട്ടുള്ളത് ആഇശയാണ്. പ്രവാചക ശിഷ്യന്മാർ ശർഈ വിധികൾ മനസ്സിലാക്കുന്നതിന് അവരെയാണ് ആശ്രയിക്കാറുണ്ടായിരുന്നത്.

സത്യവിശ്വാസികളുടെ മാതാവ് ആഇശ(റ) മരണപ്പെടുന്നത് ഹി. 57-ൽ. പ്രവാചകൻ മരിക്കുന്നതു വരെ ഒമ്പത് വർഷമാണ് അവർ പ്രവാചകന്റെ ഭാര്യയായിരുന്നത്. അവരുടെ മടിയിൽ തലചായ്ച്ചാണ് അവിടുന്ന് അന്ത്യശ്വാസം വലിച്ചത്. ആഇശ(റ)യുടെ മുറിയിൽ തന്നെയായിരുന്നു പ്രവാചകനെ മറമാടിയതും. പ്രവാചകനുമായി

## ചാർട്ട് 1

### വിവാഹബന്ധം
### നബി/നബികുടുംബവും ഖുലഫാഉർറാശിദുകളും തമ്മിൽ



അവർക്ക് എത്രത്തോളം അടുപ്പവും സ്നേഹവും ഉണ്ടായിരുന്നു എന്നതിന് തെളിവുകളാണിതെല്ലാം.

വിവാഹത്തിലൂടെയുള്ള കുടുംബബന്ധം മാത്രമല്ല അബൂബക്ക റി(റ)ന് പ്രവാചകനുമായി ഉണ്ടായിരുന്നത്. പ്രവാചകന്റെ മരണശേ ഷവും ആ അടുപ്പം തുടർന്നു. പ്രവാചകന്റെ ഖബ്റിന് ചാരെയാണ് അദ്ദേഹവും മറമാടപ്പെട്ടത്. സത്യവിശ്വാസികളിൽ ഏറ്റവും ഉത്കൃ ഷ്ടനായ പുണ്യാത്മാവിനല്ലാതെ ആ സൗഭാഗ്യം ലഭിക്കുകയില്ലല്ലോ.

ഇനി ഉമറുൽ ഫാറൂഖി(റ)ന്റെ കാര്യം. അദ്ദേഹത്തിന്റെ മകൾ ഹഫ്സ്വയെ പ്രവാചകൻ വിവാഹം ചെയ്തത് ഹി. 3-ൽ. പ്രവാചകൻ മരിക്കുന്നതു വരെ ഹഫ്സ്വ (റ) അവിടത്തെ ഭാര്യയായിരുന്നു. പ്രവാ ചക പത്നിമാരിൽ മുസ്ഹഫ് സൂക്ഷിപ്പുകാരി എന്ന പദവി അവർക്കുണ്ട്. അബൂബക്കറും സഹപ്രവർത്തകരും സമാഹരിച്ച മുസ്ഹഫിന്റെ അസ്സൽ സൂക്ഷിച്ചിരുന്നത് ഹഫ്സ്വയായിരുന്നു. ഉമ റുൽ ഫാറൂഖിന് ഇസ്‌ലാമിലുള്ള സ്ഥാനം പറഞ്ഞറിയിക്കേണ്ടതില്ല. പ്രവാചകൻ മറവ് ചെയ്യപ്പെട്ട അതേ പരിശുദ്ധ മുറിയിൽ തന്നെയാണ് അദ്ദേഹത്തിന്റെ ജനാസയും ഖബ്റടക്കിയത്. അവർ തമ്മിലുണ്ടായി രുന്ന സ്നേഹബന്ധത്തിന്റെ ആഴം ഇത് വ്യക്തമാക്കുന്നു.

ഉസ്മാൻ, അലി(റ) എന്നിവരുമായി പ്രവാചകനുണ്ടായിരുന്ന സാമൂഹിക ബന്ധങ്ങൾ അടുത്ത കുറിപ്പുകളിൽ വരുന്നതുകൊണ്ട് അതിവിടെ എടുത്തു പറയുന്നില്ല.

## ചാർട്ട് 2

**പ്രവാചകന്റെ പുത്രിമാർ**

നബിയേ, താങ്കളുടെ പത്നിമാർ,
**താങ്കളുടെ പുത്രിമാർ,**
വിശ്വാസികളുടെ സ്ത്രീകൾ ഇവരോടെല്ലാം തങ്ങളുടെ മൂടുപടങ്ങൾ ശരീരത്തിൽ താഴ്ത്തിയിടാൻ നിർദേശിക്കുക
(അൽ അഹ്സാബ് 59)

ഇവരുടെ മാതാവ്
**ഖദീജ ബിൻത് ഖുവൈലിദ്**

**സൈനബ് (റ)**
- മൂത്ത മകൾ
- പ്രവാചകത്വത്തിന്റെ പത്ത് വർഷം മുമ്പ് ജനനം
- പിതൃ സഹോദരിയുടെ മകൻ അബുൽ ആസ് ബ്നു റബീഉമായി ഇസ്‌ലാമിന് മുമ്പ് വിവാഹം
- ഹിജ്റ എട്ടാം വർഷം മരണം
- അലി, ഉമാമ മക്കൾ. ഫാതിമയുടെ മരണ ശേഷം അലി(റ) ഉമാമയെ വിവാഹം ചെയ്തു.

**ഫാതിമ(റ)**
- പ്രവാചകന്റെ ഇളയ പുത്രി
- പ്രവാചകത്വത്തിന്റെ ഒരു വർഷം മുമ്പ് ജനനം
- അലിയുമായി വിവാഹം ഹിജ്റ രണ്ടാം വർഷം
- ഹസൻ, ഹുസൈൻ, സൈനബ്, ഉമ്മു കുൽസൂം മക്കൾ

**ഉമ്മുകുൽസൂം(റ)**
- നബിയുടെ മൂന്നാമത്തെ മകൾ
- റുഖിയ്യയുടെ മരണശേഷം ഉസ്മാൻ(റ) അവരെ വിവാഹം ചെയ്തു. ഇരു പുത്രിമാരെയും വിവാഹം ചെയ്തതുകൊണ്ട് ഉസ്മാന് 'ദുന്നൂറൈനി' എന്ന വിശേഷണം
- മരണം ഹിജ്റ ഒമ്പതാം വർഷം
- മക്കളില്ല

**റുഖിയ്യ(റ)**
- പ്രവാചകത്വത്തിന് 7 വർഷം മുമ്പ് ജനനം
- ഭർത്താവ് ഉസ്മാനോടൊന്നിച്ച് അബ്സീനിയാ പലായനം
- ബദ്ർ യുദ്ധ വേളയിൽ മദീനയിൽ മരണം
- ഈ വിവാഹ ബന്ധത്തിൽ ജനിച്ച അബ്ദുല്ല എന്ന മകൻ ഹി. ആറാം വർഷം മരിച്ചു.

ഖണ്ഡം- രണ്ട്

# ലോകാനുഗ്രഹിയുടെ പെൺമക്കൾ

സൃഷ്ടികളിൽ അത്യുത്തമൻ ലോകാനുഗ്രഹി മുഹമ്മദ് നബി(സ) യുടെ പെൺമക്കളെക്കുറിച്ചാണ് ഈ കുറിപ്പ്. എല്ലാവരും വിശ്വാസി നികൾ, ഹിജ്റ ചെയ്തവർ. അവരുടെ മാതാവ് അഖില സ്ത്രീസമൂ ഹത്തിന്റെയും നേതാവ് ഖദീജ(റ), ഖുവൈലിദിന്റെ മകൾ.

പെൺമക്കളിൽ മൂത്തവൾ സൈനബ്(റ). പ്രവാചകത്വത്തിന് പത്തു വർഷം മുമ്പ് ജനനം. അബ്ദു മനാഫ് കുടുംബത്തിലെ (ഇവർ നബിയുടെ പിതൃസഹോദരന്മാരുടെ മക്കളാണ്) അബുൽ ആസ് ബ്നു റബീഅ് ആണ് സൈനബിനെ വിവാഹം കഴിച്ചത്. സ്വന്തം മാതൃസഹോദരി ഹാലയുടെ മകനും കൂടിയാണ് റബീഅ്. ഈ ബന്ധത്തിൽ രണ്ട് കുട്ടികൾ– അലിയും ഉമാമയും. അലി ചെറുപ്പ ത്തിൽ തന്നെ മരിച്ചു. ഉമാമയെ അലിയ്യുബ്നു അബീത്വാലിബ് വിവാഹം ചെയ്തു. ഉമാമയുടെ മാതൃസഹോദരിയും അലി(റ)യുടെ ഭാര്യയുമായ ഫാത്വിമ(റ) മരണപ്പെട്ടതിന് ശേഷമായിരുന്നു ഈ വിവാഹം.

ഹസൻ–ഹുസൈൻമാരുടെ മാതാവ്, ലോക സ്ത്രീരത്നങ്ങ ളുടെ നേതാവ് ഫാത്വിമതുസ്സുഹ്റാ(റ) ആണ് മറ്റൊരു നബിപുത്രി. പ്രവാചകത്വത്തിന്റെ ഒരു വർഷം മുമ്പ് ജനനം. നബിപുത്രിമാരിൽ ഏറ്റവും ഇളയവൾ. നാലാം ഖലീഫയായിരുന്ന അലിയുമായി ഇവ രുടെ വിവാഹം നടന്നത് ഹിജ്റ രണ്ടാം വർഷം. ഹി. 11–ന് ഫാത്വി മ(റ) ഇഹലോകവാസം വെടിഞ്ഞു. നബിയുടെ ദേഹവിയോഗം കഴിഞ്ഞ് അപ്പോഴേക്കും ആറ് മാസമേ പിന്നിട്ടുണ്ടായിരുന്നുള്ളൂ.

മറ്റൊരു നബിപുത്രി റുഖിയ്യ(റ). അവർ രണ്ട് ഹിജ്റ നടത്തിയിട്ടുണ്ട്. പ്രവാചകത്വത്തിന് ഏഴു വർഷം മുമ്പ് ജനനം. അബൂലഹബിന്റെ മകനുമായിട്ടായിരുന്നു അവരുടെ ആദ്യ വിവാഹം. അത് വിവാഹമോചനത്തിൽ കലാശിച്ചു. പിന്നെ മൂന്നാം ഖലീഫ ഉസ്മാനുബ്നു അഫ്ഫാൻ(റ) ആണ് അവരെ വിവാഹം ചെയ്തത്. ശേഷം അവർ ഉസ്മാനോടൊപ്പം അബ്സീനിയയിലേക്ക് പലായനം ചെയ്തു. അവർക്കൊരു കുഞ്ഞ് പിറന്നു– അബ്ദുല്ല. ആ കുഞ്ഞ് അധികം വൈകാതെ മരിച്ചു. പിന്നെ നബി(സ)യോടൊപ്പം റുഖിയ്യ മദീനയിലേക്കും ഹിജ്റ നടത്തി. ബദ്ർ യുദ്ധം നടന്നുകൊണ്ടിരിക്കെ ഹി. രണ്ടാം വർഷം അവർ ഇഹലോകവാസം വെടിഞ്ഞു.

പിന്നെ ഉമ്മു കുൽസൂം(റ). പ്രവാചകത്വത്തിന് മുമ്പ്, റുഖിയ്യക്ക് ശേഷമായിരുന്നു അവരുടെ ജനനം. മദീനയിലേക്ക് ഹിജ്റ പോയി. സഹോദരി റുഖിയ്യയുടെ മരണശേഷം ഉസ്മാൻ (റ) അവരെ വിവാഹം ചെയ്തു. അവർക്ക് കുട്ടികളുണ്ടായിരുന്നില്ല. ഉമ്മു കുൽസൂം മരിക്കുന്നത് ഹി. 9–ൽ.

ഫാത്വിമ ഒഴികെ മറ്റെല്ലാ പെൺമക്കളും പ്രവാചകന്റെ ജീവിതകാലത്തുതന്നെ ഇഹലോകവാസം വെടിഞ്ഞു. ഇവരെല്ലാം പ്രവാചകന്റെ പുത്രിമാരായിരുന്നു എന്ന കാര്യത്തിൽ എല്ലാ ചരിത്ര സ്രോതസ്സുകളും ഏകാഭിപ്രായം പുലർത്തുന്നു. 'താങ്കളുടെ പെൺമക്കൾ' എന്ന് ഖുർആൻ സൂചന നൽകിയത് ഇവരെക്കുറിച്ചാണ്. ഒരു മകൾ മാത്രമല്ല, ഒന്നിലധികം പെൺമക്കൾ ഉണ്ടെന്നർഥം. നിർഭാഗ്യകരമെന്നു പറയട്ടെ, ചിലയാളുകൾ ജൽപിക്കുന്നത് ഫാത്വിമ(റ) മാത്രമണ് നബിയുടെ മകളെന്നും ബാക്കിയുള്ളവർ വളർത്തു പുത്രിമാർ (റബാഇബ്) ആണെന്നുമാണ്. ചരിത്ര വസ്തുതകൾക്ക് നിരക്കാത്തതാണ് ഈ ജൽപനം.

ഖണ്ഡം- മൂന്ന്

# അലി(റ)യുമായി ഫാത്വിമ(റ)യുടെ വിവാഹം

അലി–ഫാത്വിമ വിവാഹത്തെക്കുറിച്ച് നിരവധി ചരിത്ര കൃതികളിൽ വിവരണങ്ങളുണ്ട്, വിശദമായിത്തന്നെ. ഈ വിവാഹം നടത്തുന്നതിൽ സ്വഹാബിമാർക്ക് വലിയൊരു പങ്കുണ്ടായിരുന്നു എന്നും കാണാൻ കഴിയും. പ്രവാചക ശിഷ്യന്മാർ തമ്മിലുള്ള പരസ്പര സ്നേഹത്തിന്റെയും അതൃപ്പത്തിന്റെയും അടയാളമല്ലാതെ മറ്റെന്താണിത്! അക്കമിട്ട് കാര്യങ്ങൾ പറയാം.

1. ഫാത്വിമ(റ)യെ വിവാഹം ചെയ്യാൻ അലി(റ)യെ പ്രേരിപ്പിച്ചവർ ആരെന്നറിയേണ്ടേ? അബൂബക്കർ, ഉമർ, സഅ്ദുബ്നു മുആദ്(റ). ഹിജ്റ രണ്ടാം വർഷം ബദ്ർ യുദ്ധം കഴിഞ്ഞതിനു ശേഷമാണ് വിവാഹം നടക്കുന്നത്.

2. അലി(റ)ക്കു വേണ്ടി മഹ്ർ തുക നൽകിയത് ആരാണെന്നോ? ഉസ്മാനുബ്നു അഫ്ഫാൻ(റ)! അതെങ്ങനെ സംഭവിച്ചു എന്നു പറയാം. ആദ്യം ഉസ്മാൻ(റ) അലിയുടെ ഹത്വമി (വാളിനെ പിളർക്കുന്ന) പടയങ്കി നാനൂറ് ദിർഹമിന് വിലയ്ക്ക് വാങ്ങി. അലി ദിർഹം കൈപ്പറ്റിയപ്പോൾ ഉസ്മാൻ പറഞ്ഞു: "ഇതാ പിടിച്ചോളൂ പടയങ്കി. വിവാഹത്തിന് എന്റെയൊരു സമ്മാനമാണ്." അലിയുടെ ആത്മാഭിമാനവും മാന്യതയും പൂർണമായി സംരക്ഷിച്ചുകൊണ്ട്, ബാധ്യതയോ കടപ്പാടോ തോന്നേണ്ടാത്ത വിധം എത്ര ഭംഗിയായാണ് ഉസ്മാൻ കാര്യങ്ങൾ കൈകാര്യം ചെയ്തത്. ഇരുവരിലും കാരുണ്യവാനായ തമ്പു

## ചാർട്ട് 3

# അലി–ഫാതിമ അനുഗൃഹീത വിവാഹം

**കാലം, സ്ഥലം**
ഹി. രണ്ടാം വർഷം. ബദർ യുദ്ധം കഴിഞ്ഞ് മദീനയിൽ തിരിച്ചെത്തിയ ശേഷം

**വിവാഹസദ്യ**
സഅ്ദ് ആടിനെ അറുത്തു. ചില അൻസ്വാരികൾ ധാന്യ വിഭവങ്ങൾ ഒരുക്കി

**വിവാഹാലോചന**
വിവാഹാലോചന നടത്തിയത് അബൂബക്കർ, ഉമർ, സഅ്ദുബ്നു മുആദ്

**മഹ്ർ**
പടയങ്കി വിലയ്ക്ക് വാങ്ങിയ ഉസ്മാൻ(റ) കൊടുത്ത 400 ദിർഹം. പടയങ്കി പിന്നീട് സമ്മാനമായി തിരിച്ചു കൊടുത്തു.

**വീട്**
ദമ്പതികൾക്ക് പാർക്കാനുള്ള വീട് ഹാരിസതുബ്നു നുഅ്മാൻ സമ്മാനമായി നൽകി

രാൻ തൃപ്തനാവട്ടെ.

3. അൻസ്വാരി സ്വഹാബി സഅ്ദുബ്നു മുആദ് ഒരാടിനെ അറുത്ത് വിവാഹസദ്യ ഒരുക്കിയാണ് തന്റെ ആഹ്ലാദം പ്രകടിപ്പിച്ചത്. ധാന്യ വിഭവങ്ങളൊരുക്കിയും ചില അൻസ്വാറുകൾ ആഹ്ലാദത്തിൽ പങ്കാളികളായി.

4. അൻസ്വാറുകളുടെ പങ്കാളിത്തം തീർന്നില്ല! ഇതാ അൻസ്വാരി സ്വഹാബി ഹാരിസതുബ്നു നുഅ്മാൻ. പ്രവാചകന്റെ ഭവനങ്ങളുടെ അടുത്തുള്ള തന്റെ ഭവനം അദ്ദേഹം അലിക്കും ഫാത്വിമക്കുമായി ദാനമായി നൽകുന്നു.

5. ദമ്പതികൾക്കു വേണ്ടി ഗൃഹോപകരണങ്ങളും മറ്റും വാങ്ങി ക്കൊടുക്കുന്നതാരാണ്? സാക്ഷാൽ അബൂബക്കർ സ്വിദ്ദീഖ് (റ)!

ഇനിയെന്തെങ്കിലും ഈ മാതൃകാ വിവാഹത്തിന് സർവോത്തമ രായ പ്രവാചകാനുയായികൾ ചെയ്തുകൊടുക്കേണ്ടതുണ്ടോ?

എന്തായിരിക്കും ഇതിനൊക്കെ പ്രേരണ? എന്താവാം ഈ അത്യുദാരത കൊണ്ട് അവർ പ്രതീക്ഷിക്കുന്നത്?

പരസ്പരമുള്ള അഗാധ സ്നേഹം, അടുപ്പം, പ്രവാചകനോടും അദ്ദേഹത്തിന്റെ കുടുംബത്തോടുമുള്ള കൂറും ബഹുമാനാദരങ്ങളും... ഇതൊക്കെയല്ലാതെ മറ്റെന്ത്!

ഖണ്ഡം- നാല്

# അലി(റ)യും മക്കളും ഇഷ്ടപ്പെട്ട പേരുകൾ

ഇതോടൊപ്പം ചേർന്ന വംശവൃക്ഷം (ചാർട്ടിൽ) കാണൂ.

കർബല യുദ്ധത്തിൽ പങ്കെടുക്കുന്നത് ആരൊക്കെ? അബൂബക്കർ, ഉമർ ഉസ്മാൻ! അവർ രക്തസാക്ഷികളാവുകയും ചെയ്യുന്നു!

ഇതെങ്ങനെ സംഭവിച്ചു? വരൂ, നമുക്ക് ആലോചിക്കാം.

അബൂബക്കർ, അലി(റ)യുടെ ഒരു മകന്റെ പേരാണ്. അലിയുടെ മകൻ ഹസന്റെ ഒരു മകന്റെ പേരും അബൂബക്കർ എന്നുതന്നെ. അലിയുടെ മറ്റൊരു മകനായ ഹുസൈന്റെ മകനാണ് ഉമർ. അബ്ബാസും ഉസ്മാനും (ഇവരുടെ മാതാവ് കിലാബ് ഗോത്രക്കാരി ഉമ്മുൽ ബനീൻ) അലി(റ)യുടെ മക്കൾ തന്നെ. ഇവരൊക്കെയും കർബലയിൽ രക്തസാക്ഷികളായവരാണ്.

അലിയുടെ പുത്രന്മാരിൽ ഏറ്റവുമൊടുവിൽ മരിച്ചത് ഉമർ ആണ്. ഹുസൈന്റെ മകനായ അലിക്ക് രണ്ട് പുത്രന്മാർ– ഉസ്മാൻ, ഉമർ.

ഇത് ഒന്നോ രണ്ടോ തലമുറയിൽ ഒതുങ്ങുന്നില്ല. ആറാം തലമുറയിൽ പെട്ട മൂസൽ കാളിം തന്റെ രണ്ട് ആൺമക്കൾക്കും പേരിടുന്നു– അബൂബക്കർ, ഉമർ!

മുഹാജിറുകളിലും അൻസ്വാരികളിലും പെട്ട പ്രവാചകാനുയായികളോട് നബി കുടുംബത്തിലെ പിൻതലമുറ പ്രകടിപ്പിച്ച സാഹോദര്യത്തിനും സ്നേഹാദരവുകൾക്കും ഇനിയും തെളിവുകൾ

വേണോ? തങ്ങളുടെ വല്യുപ്പ ലോകാനുഗ്രഹി മുഹമ്മദ് നബി(സ)ക്ക് പ്രതിസന്ധി ഘട്ടങ്ങളിലെല്ലാം ഇണയും തുണയുമായി നിന്ന ആ സ്വാഹബീപ്രമുഖരോട് പ്രവാചക കുടുംബം എങ്ങനെയെല്ലാം കട പ്പാട് രേഖപ്പെടുത്തി!

ഇനിയും കാണുക.

ജഅ്ഫറുസ്സ്വാദിഖിന്റെ മകളുടെ പേര് ആഇശ!

മൂസൽ കാളിമിന്റെ മകളുടെ പേര് ആഇശ!


അലി രിളയുടെ മകളുടെ പേര് ആഇശ!

അൽജവ്വാദിന്റെ മകളുടെ പേര് ആഇശ!

മാന്യ സഹോദരാ, ലോകചരിത്രത്തിൽ തന്നെ അന്യാദൃശമാണ് ഈ സ്നേഹ സാഹോദര്യബന്ധങ്ങൾ. ഈ പട്ടിക എത്രയും നീട്ടാവുന്നതേയുള്ളൂ. ആധികാരിക ചരിത്ര ഗ്രന്ഥങ്ങളിലെല്ലാം നിങ്ങൾ ഇതു സംബന്ധമായ വേണ്ടത്ര വിവരങ്ങൾ കണ്ടെത്തും. ഇതൊക്കെ മനസ്സിലാക്കിയിട്ടും നബി കുടുംബവും സ്വഹാബികളും തമ്മിലുള്ള ബന്ധം ശത്രുതയുടെയും വെറുപ്പിന്റേതുമായിരുന്നുവെന്ന് ഓറിയന്റ ലിസ്റ്റുകൾ എഴുതിവെച്ചാൽ നിങ്ങളത് വിശ്വസിക്കുന്നതെന്തിന്? അല്ലാഹുവാണ, പച്ചക്കള്ളമാണ് അവർ എഴുതിവിടുന്നത്. അവരുടെ ഗൂഢാലോചനകളിൽനിന്നും കുതന്ത്രങ്ങളിൽനിന്നും അല്ലാഹു നമ്മെ കാത്തുരക്ഷിക്കുമാറാകട്ടെ.

## ചാർട്ട് 4

# അലി(റ)യും മക്കളും ഇഷ്ടപ്പെട്ട പേരുകൾ




**(അലി(റ)യുടെയും സന്താനങ്ങളുടെയും ഏതാനും മക്കളെ മാത്രമേ ഈ കുടുംബ വൃക്ഷത്തിൽ അടയാളപ്പെടുത്തിയിട്ടുള്ളൂ)**

ഖണ്ഡം - അഞ്ച്


# നബികുടുംബവും സ്വിദ്ദീഖ് കുടുംബവും തമ്മിലെ വിവാഹ ബന്ധങ്ങൾ

നബിയുടെ കുടുംബവും അബൂബക്കർ സ്വിദ്ദീഖിന്റെ കുടുംബവും തമ്മിൽ ആറ് വിവാഹബന്ധങ്ങൾ നടന്നിട്ടുണ്ട്. അതിലേറ്റവും പരിശുദ്ധവും പവിത്രവുമായ ബന്ധം മുഹമ്മദ് നബി(സ) അബൂബക്കറി(റ)ന്റെ മകൾ ആഇശ(റ)യെ വിവാഹം കഴിച്ചതാണ്. ഈ വിവാഹം നടന്നത് ഹിജ്റക്ക് ഒരു വർഷം മുമ്പ്. അവർ ഒന്നിച്ച് താമസിക്കാൻ തുടങ്ങിയത് ഹി. രണ്ടാം വർഷം. ഇതോടെ ഇരു കുടുംബങ്ങളും തമ്മിലുള്ള ബന്ധം അവസാനിച്ചോ? ഇല്ല. ഇവിടെയിതാ നബി(സ)യുടെ പൗത്രൻ ഹസൻ (ചില റിപ്പോർട്ടുകളിൽ ഹുസൈൻ) അബൂബക്കറിന്റെ പേരക്കുട്ടിയായ അബ്ദുർറഹ്മാന്റെ പുത്രി ഹഫ്സ്വയെ വിവാഹം കഴിക്കുന്നു. പിന്നെ ഹസന്റെ പേരമക്കളിൽ ഒരാളായ മൂസ അൽജൗൻ, അബൂബക്കർ(റ)ന്റെ കുടുംബത്തിലെ രണ്ടാം തലമുറയിൽ പെട്ട ഉമ്മുസലമയെ വിവാഹം കഴിക്കുന്നു.

ഹുസൈന്റെ കുടുംബത്തിലെ മുഹമ്മദുൽ ബാഖിർ ഏകദേശം ഹി. 80-ൽ സ്വിദ്ദീഖ് കുടുംബത്തിലെ മൂന്നാം തലമുറയിൽപ്പെടുന്ന ഉമ്മു ഫർവയെ വിവാഹം ചെയ്യുന്നു. ഈ ബന്ധത്തിലുണ്ടായ മകനാണ് പ്രശസ്തനായ ഇമാം ജഅ്ഫർ സ്വാദിഖ്. അലി(റ)യുടെ തലമുറയിൽപ്പെടുന്ന ഇസ്ഹാഖ്, സ്വിദ്ദീഖ് കുടുംബത്തിലെ ആറാം തലമുറയിലുള്ള ഇസ്മാഈലിന്റെ പുത്രി കൽസമിനെയാണ് വിവാഹം കഴിക്കുന്നത്.

# ചാർട്ട് 5

## നബി(സ)യുടെയും സ്വിദ്ദീഖിന്റെയും കുടുംബങ്ങൾ തമ്മിലെ വിവാഹബന്ധങ്ങൾ




(ഒരേ അക്കത്തിലുള്ളവർ തമ്മിൽ വിവാഹം)

ജഅ്ഫർ ത്വയ്യാറിന്റെ കുടുംബത്തിലെ ഇസ്ഹാഖ് ഉമ്മു ഫർവ യുടെ സഹോദരി ഉമ്മു ഹകീമിനെ കല്യാണം കഴിക്കുന്നു. ഈ ഉമ്മു ഹകീം ജഅ്ഫർ സ്വാദിഖിന്റെ മാതൃ സഹോദരിയാണ്.

ഇതിൽനിന്നൊക്കെ നമുക്ക് വ്യക്തമാവുന്നത് എന്താണ്?

– അബൂബക്കർ സിദ്ദീഖി(റ)ന്റെ മരണശേഷമാണ് മേൽപറഞ്ഞ മിക്ക വിവാഹങ്ങളും നടന്നത്. അതിനർഥം, രാഷ്ട്രീയമോ സാമ്പ ത്തികമോ ആയ എന്തെങ്കിലും നേട്ടം സാധിക്കാനായിരുന്നില്ല ആ വിവാഹബന്ധങ്ങൾ എന്നാണ്. മാതൃകായോഗ്യമായ രണ്ട് വീടുകൾ തമ്മിലുള്ള സ്നേഹവും അടുപ്പവും മാത്രമായിരുന്നു അതിനു കാര ണം.

– ഈ ദാമ്പത്യങ്ങളിൽ വരന്മാരെല്ലാം നബികുടുംബ ത്തിൽനിന്നും വധുക്കൾ സിദ്ദീഖിന്റെ കുടുംബത്തിൽനിന്നുമാണ് എന്ന് കാണാം. സാധാരണഗതിയിൽ പുരുഷൻ സ്ത്രീയെ ആണല്ലോ വിവാഹാന്വേഷണം നടത്താറുള്ളത്. അപ്പോൾ, വിവാഹ ബന്ധം വേണമെന്ന ആഗ്രഹമുണ്ടായത് നബികുടുംബത്തിൽനിന്നാ ണെന്ന് വ്യക്തം.

–സഖീഫ, സ്വിഫ്ഫീൻ, ജമൽ, കർബല തുടങ്ങിയ നിരവധി സംഭവങ്ങൾ ഉണ്ടായിട്ടും ഈ സ്നേഹബന്ധങ്ങൾ നിലനിന്നു എന്നത് ഇസ്‌ലാമിക സമൂഹം പൊതുവെയും നബികുടുംബം പ്രത്യേകിച്ചും ഭിന്നതകളെയും ഛിദ്രതകളെയും വിജയകരമായി മറി കടന്നു എന്നതിന് തെളിവാണ്; ചില ഓറിയന്റലിസ്റ്റുകൾ ഇവ പൊലി പ്പിച്ച് കാട്ടാൻ ശ്രമിക്കാറുണ്ടെങ്കിലും. ശത്രുതയും ശൈഥില്യവുമു ണ്ടാക്കാൻ നബിയുടെ കാലത്തെയും റാശിദീ കാലത്തെയും ചില സംഭവങ്ങളെ തെറ്റായി വ്യാഖ്യാനിക്കാനുള്ള ശ്രമങ്ങൾ ധാരാളം നട ന്നിട്ടുണ്ടെന്നതും നാം ഓർക്കണം.

ഖണ്ഡം -ആറ്

# "അബൂബക്കർ രണ്ട് തവണ എനിക്ക് ജന്മംതന്നു"

ഇത് ഇമാം ജഅ്ഫർ സ്വാദിഖിന്റെ വാക്കുകളാണ്. വരൂ, ഇതെങ്ങനെ യെന്ന് നോക്കാം. ആരാണ് ജഅ്ഫർ സ്വാദിഖ്? ഹുസൈന്റെ(റ) പൗത്രനായ മുഹമ്മദുൽ ബാഖിറിന്റെ മകൻ. അബൂബക്കർ(റ) തന്റെ വംശപരമ്പരയുടെ പൂർവ പിതാവായതിൽ അഭിമാനം കൊള്ളുക യാണ് ജഅ്ഫർ സ്വാദിഖ്. രണ്ടു നിലക്ക് അബൂബക്കറി(റ)ൽ തന്റെ വംശപരമ്പര സന്ധിക്കുന്നു എന്നാണ് ഇമാം ജഅ്ഫർ സ്വാദിഖിന്റെ മേൽപറഞ്ഞ വാക്കുകളുടെ അർഥം. ഉമ്മു ഫർവയാണല്ലോ ജഅ്ഫറിന്റെ മാതാവ്. അവർ അബൂബക്കറിന്റെ പൗത്രിയായ അസ്മ യുടെ മകളാണ് (ഇതാണ് ഒന്നാമത്തെ 'ജന്മം'). ജഅ്ഫറിന്റെ മാതൃ പിതാവ് പ്രഗത്ഭ കർമശാസ്ത്ര പണ്ഡിതനായിരുന്ന ഖാസിം ആയിരു ന്നു. അദ്ദേഹം അബൂബക്കറിന്റെ മകനായ മുഹമ്മദിന്റെ പുത്രനാണ് (ഇതാണ് രണ്ടാമത്തെ ജന്മം).

ഇങ്ങനെ മാതൃ മാതാവ് വഴിക്കും മാതൃ പിതാവ് വഴിക്കും ജഅ്ഫറിന്റെ കുടുംബശ്രേണി അബൂബക്കറിൽ സന്ധിക്കുന്നു.

തഖ്‌വയുടെയും ജീവിതവിശുദ്ധിയുടെയും പര്യായമായ സ്വിദ്ദീ ഖുൽ അക്ബറിൽ തന്റെ വംശാവലി ചെന്നുചേരുന്നു എന്നോർത്ത് തന്നെയല്ലേ ഇമാം ജഅ്ഫർ സ്വാദിഖ് പുളകം കൊള്ളേണ്ടത്? മുഹ മ്മദുൽ ബാഖിർ (ജഅ്ഫറിന്റെ പിതാവ്) ഉമ്മു ഫർവയെ വിവാഹം കഴിക്കാനും മറ്റൊന്നായിരുന്നില്ലല്ലോ കാരണം.

പ്രിയ വായനക്കാരാ, അബൂബക്കർ സിദ്ദീഖ് മരിച്ച് ഏകദേശം എഴുപത് വർഷം കഴിഞ്ഞാണ് ഈ വിവാഹബന്ധം ഉണ്ടാകുന്നതെന്ന് ഓർമിക്കണം. അപ്പോൾ പിന്നെ, സാമ്പത്തികമോ രാഷ്ട്രീയമോ ആയ യാതൊരു താൽപര്യവും അതിനു പിന്നിൽ ഉണ്ടാകില്ലെന്ന് ഉറപ്പാണല്ലോ.

അത്തരം വിശുദ്ധവും പവിത്രവുമായ ഒരു വിവാഹബന്ധം ഒരു ഇമാമിന് തന്നെയാണല്ലോ ജന്മം നൽകേണ്ടത്, ഇമാം ജഅ്ഫർ സ്വാദിഖിന്!

സ്വഹീഹ് മുസ്‌ലിമിലും നാല് പ്രമുഖ ഹദീസ് ഗ്രന്ഥങ്ങളിലും ജഅ്ഫർ സ്വാദിഖിന്റെ ഹദീസ് നിവേദനങ്ങളുണ്ട്. അദ്ദേഹത്തിന്റെ അറിവ്, പ്രത്യേകിച്ച് കർമശാസ്ത്ര പാണ്ഡിത്യം ഏറെ സുവിദിതമാണ്. അദ്ദേഹം ജനിച്ചതും മരിച്ചതും അറിവിന്റെ കേദാരത്തിൽ–പ്രവാചകന്റെ നഗരം– മദീനിയൽ


## ചാർട്ട് 6

### “അബൂബക്കർ രണ്ട് തവണ എനിക്ക് ജന്മം തന്നു”

**ഇമാം ജഅ്ഫർ സ്വാദിഖിന്റെ വചനം**

**ഒന്നാം ജന്മം: ജഅ്ഫറിന്റെ മാതാവ് ഉമ്മു ഫർവ ഖാസിമിന്റെ മകൾ/ഖാസിം, മുഹമ്മദിന്റെ മകൻ/ മുഹമ്മദ്, സ്വിദ്ദീഖി(റ)ന്റെ മകൻ**

**രണ്ടാം ജന്മം: ജഅ്ഫറിന്റെ മാതാ മഹി അസ്മാഅ്/അസ്മാഅ്, അബ്ദുർറഹ്മാന്റെ മകൾ/ അബ്ദുർറഹ്മാൻ, സ്വിദ്ദീഖി(റ)ന്റെ മകൻ**



ഖണ്ഡം - ഏഴ്


# നബികുടുംബവും ഉമർ(റ) കുടുംബവും തമ്മിലെ വിവാഹ ബന്ധങ്ങൾ

വംശപരമ്പര പരിചയപ്പെടുത്തുന്ന കൃതികളിൽ നബി(സ)കുടുംബവും ഉമർ(റ)കുടുംബവും തമ്മിലുള്ള വിവാഹബന്ധങ്ങൾ സവിസ്തരം പ്രതിപാദിച്ചിട്ടുണ്ട്. അതിലേറ്റവും പ്രധാനവും മഹത്തരമായതും നബി(സ) ഉമറിന്റെ പുത്രി ഹഫ്സ്വ(റ)യെ വിവാഹം ചെയ്തതാണ്. അങ്ങനെയവർ സത്യവിശ്വാസികളുടെ മാതാക്കളിലൊരാളായി. ഈ വിവാഹം നടന്നത്, ബദ്ർ യുദ്ധത്തിൽ ഹഫ്സ്വയുടെ ആദ്യ ഭർത്താവ് രക്തസാക്ഷിയായതിനു ശേഷം ഹിജ്റ 3–ൽ ആണ്.

വിവാഹബന്ധങ്ങളിൽ രണ്ടാമാതയി വരുന്നത്, അലി(റ)–ഫാത്വിമ(റ) ദമ്പതികളുടെ മകളായ ഉമ്മുകുൽസൂമി(നബിയുടെ പേരക്കുട്ടി)നെ ഉമർ(റ) വിവാഹം ചെയ്തതാണ്. നബി(സ)യുടെ ജീവിതകാലത്ത് തന്നെയാണ് ഉമ്മുകുൽസൂം ജനിച്ചത്. ഹി. 20ന് മുമ്പ് ഉമർ (റ) അവരെ വിവാഹം ചെയ്തു ('ഞാൻ രണ്ട് ഖലീഫമാരുടെ പുത്രൻ' എന്ന ഖണ്ഡം കാണുക). പിതാവ് അലി(റ) വധിക്കപ്പെട്ടപ്പോൾ ഉമ്മു കുൽസൂം(റ) പറഞ്ഞു: "ഞാനും പ്രഭാത നമസ്കാരവും തമ്മിൽ എന്താണ് ബന്ധം?" അവർ ഉദ്ദേശിച്ചത് ഇതാണ്: നേരത്തേ ഭർത്താവ് ഉമർ(റ) അഗ്നിയാരാധകനായ അബൂലുഅ്ലുഅ എന്നയാളുടെ കൈയാൽ വധിക്കപ്പെട്ടു. അത് പ്രഭാത(സ്വുബ്ഹ്) നമസ്കാര സമയത്തായിരുന്നു. പ്രഭാത നമസ്കാര സമയത്ത് തന്നെയാണ്

## ചാർട്ട് 7

# നബി(സ) കുടുംബവും ഉമർ(റ) കുടുംബവും തമ്മിലെ വിവാഹബന്ധങ്ങൾ




(ഒരേ അക്കത്തിലുള്ളവർ തമ്മിലാണ് വിവാഹം. ചാർട്ട് അപൂർണം)

പിതാവ് അലി(റ)യെ അബ്ദുർറഹ്മാനുബ്നു മുൽജിം കൊലപ്പെടുത്തുന്നത്. സ്വുബ്ഹി നമസ്കാരവേളയിൽ തന്നെയായിരുന്നു മകൻ സൈദുബ്നു ഉമറും അന്ത്യശ്വാസം വലിച്ചത്. അതേ നിമിഷം തന്നെ ഉമ്മു കുൽസൂമും ഇഹലോകം വെടിഞ്ഞു. എത്രത്തോളമെന്നാൽ, മകനും മാതാവും ഒരേസമയം മരണപ്പെട്ടതിനാൽ ആര് ആരെ അനന്തരമെടുത്തു എന്ന കാര്യത്തിൽ തർക്കമുണ്ടായെന്ന് ചരിത്ര ഗ്രന്ഥങ്ങൾ പറയുന്നു (ത്വബ്ത്വബാഇയുടെ *രിയാളുൽ മസാഇൽ* 12/664, നറാഖിയുടെ *മുസ്തനദുശ്ശീഅഃ* 19/452).

ഉമറിന്റെ(റ) മരണശേഷം ഉമ്മുകുൽസൂമി(റ)നെ വിവാഹം ചെയ്തത് ജഅ്ഫറുബ്നു അബീത്വാലിബിന്റെ മകൻ ഔഫ്. ഔഫും മരിച്ചുപോയി. പിന്നെ അദ്ദേഹത്തിന്റെ സഹോദരൻ മുഹമ്മദ് അവരെ വിവാഹം ചെയ്തു. അദ്ദേഹവും മരണപ്പെട്ടു. മുഹമ്മദിന്റെ സഹോദരൻ അബ്ദുല്ലയാണ് പിന്നെ അവരെ വിവാഹം ചെയ്തത്. ഇദ്ദേഹത്തിന്റെ ഭാര്യയായിരിക്കെയാണ് അവർ മരണപ്പെട്ടത്. അവർ പറയാറുണ്ടായിരുന്നു: "ഉമൈസിന്റെ പുത്രി അസ്മ (ജഅ്ഫറിന്റെ ഭാര്യ)യെ പ്രതി എനിക്ക് ലജ്ജയുണ്ട്. അവരുടെ രണ്ട് മക്കൾ എന്റെ അടുത്തു വെച്ച് മരിച്ചു. മൂന്നാമനും അങ്ങനെ സംഭവിക്കുമോ എന്ന് ഞാൻ ഭയപ്പെടുന്നു." പക്ഷേ, അങ്ങനെ സംഭവിച്ചില്ല. മൂന്നാം സഹോദരന്റെ ഭാര്യയായിരിക്കുമ്പോഴാണ് അവരുടെ മരണം. ഇവരിലൊന്നും ഉമ്മുകുൽസൂമിന് സന്താനങ്ങൾ ഉണ്ടായിരുന്നില്ല (ഇബ്നു ഹജറിന്റെ *ഇസ്വാബ*യിൽ ഉമ്മുകുൽസൂമിന്റെ ജീവചരിത്രം പറയുന്ന ഭാഗം).

പിന്നെ ഈ രണ്ട് കുടുംബങ്ങൾ തമ്മിൽ വിവാഹബന്ധമുണ്ടാകുന്നത് അഞ്ചാം തലമുറയിലാണ്. ഹുസൈന്റെ(റ) പേരക്കുട്ടിയുടെ മകൻ ഹുസൈൻ, അബ്ദുല്ലാഹിബ്നു ഉമറിന്റെ പേരക്കുട്ടിയുടെ മകൻ ഖാലിദിന്റെ മകൾ ജുവൈരിയ്യയെ വിവാഹം കഴിക്കുന്നു. പൂർവപിതാക്കളുടെ സ്നേഹബന്ധങ്ങൾ അങ്ങനെ പുതുതലമുറയിലും തുടർന്നു.

ഖണ്ഡം - എട്ട്

# “ഞാൻ രണ്ട് ഖലീഫമാരുടെ പുത്രൻ”

തന്റെ പിതാവായ ഉമറി(റ)നെയും വല്യുപ്പയായ അലി(റ)യെയും ചൊല്ലി അഭിമാനിക്കാറുണ്ടായിരുന്നു സൈദ്. രണ്ടു പേരും ഖുലഫാ ഉർറാശിദുകളിൽ പെടുന്നതിനാൽ “ഞാൻ രണ്ട് ഖലീഫമാരുടെ മകനാണ്” എന്ന് സൈദ് പറയാറുണ്ടായിരുന്നു. ഇദ്ദേഹത്തിന്റെ മാതാവ് അലി(റ)–ഫാത്വിമ(റ) ദമ്പതികളുടെ മകളായ ഉമ്മുകുൽസൂം ആണെന്ന് നാം നേരത്തേ കണ്ടു.

ജഅ്ഫർ സ്വാദിഖ്, സ്വന്തം പിതാവ് ബാഖിറിൽനിന്ന് ഉദ്ധരിക്കുന്നതായി ഹാകിം റിപ്പോർട്ട് ചെയ്യുന്നു: ഉമ്മുകുൽസൂമിനെ തനിക്ക് വിവാഹം ചെയ്ത് തരണമെന്ന അഭ്യർഥനയുമായി ഉമർ(റ), അലി(റ)യെ സമീപിച്ചു. അപ്പോൾ അലി(റ) പറഞ്ഞു: ‘ഞാൻ അവളെ എന്റെ സഹോദരൻ ജഅ്ഫറിന്റെ പുത്രന് വേണ്ടി കണ്ടുവെച്ചിരിക്കുകയാണ്.’ അപ്പോൾ ഉമർ(റ): ‘എനിക്ക് വിവാഹം ചെയ്തുതരൂ. അവളുടെ കാര്യങ്ങൾ ഞാൻ നോക്കുന്നതു പോലെ മറ്റാരും നോക്കുകയില്ല.’ അങ്ങനെ അലി(റ) ഉമ്മുകുൽസൂമിനെ ഉമറി(റ)ന് വിവാഹം ചെയ്തുകൊടുത്തു. ഉമർ(റ) മുഹാജിറുകളുടെ അടുത്ത് ചെന്ന്: ‘നിങ്ങൾ എന്നെ അഭിനന്ദിക്കുന്നില്ലേ?’ അവർ ചോദിച്ചു: ‘എന്തിന്, അമീറുൽ മുഅ്മിനീൻ?’ ഉമർ(റ): അലി(റ)യുടെയും നബിയുടെ മകളായ ഫാത്വിമയുടെയും മകളായ ഉമ്മുകുൽസൂമിനെ വിവാഹം ചെയ്തതിന്? നബി(സ) പറയുന്നത് ഞാൻ കേട്ടിട്ടുണ്ട്: ‘അന്ത്യനാളിൽ എല്ലാ ബന്ധങ്ങളും ഇല്ലാതാകും; ഞാനു

മായിട്ടുള്ള ബന്ധമൊഴിക.' ഇതുവഴി റസൂലുമായുള്ള ബന്ധം നില നിർത്താൻ ഞാൻ ആഗ്രഹിക്കുന്നു.'

ഉമർ-ഉമ്മുകുൽസൂം ബന്ധത്തിൽ രണ്ട് മക്കൾ- സൈദും റുഖിയ്യയും. യുവകോമളനായിരിക്കെയാണ് സൈദ് മരിക്കുന്നത് (പി തൃകുടുംബമായ അദിയ്യ് ഗോത്രത്തിലെ പിതൃസഹോദരന്മാർ തമ്മി ലുള്ള തർക്കം തീർക്കാൻ എത്തിയ സൈദിന് അബദ്ധത്തിൽ തല യിൽ അടിയേൽക്കുകയായിരുന്നു. ആരാണ് അടിച്ചതെന്ന് വ്യക്തമാ യില്ല. വൈകാതെ സൈദ് മരിച്ചു. ആ നിമിഷം തന്നെയാണ് മാതാവ് ഉമ്മുകുൽസൂമും മരണമടഞ്ഞത്).


സഹോദരൻ അബ്ദുല്ലാഹിബ്നു ഉമർ(റ) ആണ് സൈദിന്റെ മയ്യിത്ത് നമസ്കാരത്തിന് നേതൃത്വം നൽകിയത്. മാതൃസഹോദരന്മാ രായ ഹസനും ഹുസൈനും ആ നമസ്കാരത്തിൽ പങ്കുകൊണ്ടു. ഹി. 45-ൽ ആയിരുന്നു ഈ സംഭവം.

ഉമർ-ഉമ്മുകുൽസൂം ദമ്പതികളുടെ മകളായ റുഖിയ്യയെ വിവാഹം കഴിച്ചത് അദിയ്യ് ഗോത്രത്തിലെ ഇബ്റാഹീമുബ്നു നഈ മാണ്.

## ചാർട്ട് 8

# സൈദ്ബ്നു ഉമർ

## 'ഞാൻ രണ്ട് ഖലീഫമാരുടെ പുത്രൻ'




(ഈ വിവാഹ ബന്ധത്തോടെ അലി(റ)യും ഉമറും(റ) തമ്മിലുള്ള ബന്ധം പൂർവോപരി ദൃഢമായി. ഈ ചരിത്ര സത്യം വിസ്മരിച്ചുകൊണ്ടാണ് ഇവർ തമ്മിൽ സ്വരചേർച്ചയിലായിരുന്നില്ലെന്ന് ഓറിയന്റലിസ്റ്റുകൾ കള്ളം ചമക്കുന്നത്)

ഖണ്ഡം - ഒമ്പത്

# അൽ ഹുസൈനുബ്നു അലി(റ)

## (ജനനം: ഹി. 4–ൽ. രക്തസാക്ഷിത്വം ഹി. 61–ൽ)

നബി(സ) പറഞ്ഞു: “സ്വർഗവാസികളിലെ യുവനിരയുടെ നേതാക്കളാണ് ഹസനും ഹുസൈനും” (അഹ്മദ്, തിർമിദി, നസാഇ, ഇബ്നുമാജ).

### ഹുസൈന്റെ സന്താനങ്ങൾ

അലി(സൈനുൽ ആബിദീൻ),
മുഹമ്മദ്, ജഅ്ഫർ, അലി അൽ അക്ബർ,
സകൈന, ഫാത്വിമ

### ഹുസൈന്റെ സഹോദരന്മാർ

അലി(റ)ക്ക് ധാരാളം സന്താനങ്ങൾ ഉണ്ടായിരുന്നു. അവരിൽ പ്രശസ്തരായവർ:

– ഹസൻ, അദ്ദേഹം ഉമ്മയും ബാപ്പയും ഒത്ത സഹോദരനാണ്.

– മുഹമ്മദ് (ഇബ്നുൽ ഹനഫിയ്യ).

– അബൂബക്കർ, അബ്ബാസ്, ഉസ്മാൻ, ജഅ്ഫർ, അബ്ദുല്ല.

(ഇവരെല്ലാം ഹുസൈനോടൊപ്പം രക്തസാക്ഷികളായി).

– ഉമർ (അലിയുടെ മക്കളിൽ ഏറ്റവുമൊടുവിൽ മരണപ്പെട്ടയാൾ).

– സഹോദരിമാർ: ധാരാളമുണ്ട്. അവരിൽ പ്രശസ്തരായവർ– സൈനബ്, ഉമ്മുകുൽസൂം, ഖദീജ, മൈമൂന, റംല, ജുമാന.

### പെൺമക്കളുടെ വിവാഹങ്ങൾ

### ഫാത്വിമ(റ)

അവരുടെ ഭർത്താവായിരുന്നവർ:

1. ഹസനുബ്നുൽ ഹസൻ ഇബ്നു അലിയ്യുബ്നു അബീത്വാലിബ്(റ)
2. അബ്ദുല്ലാഹിബ്നു അംറ് ഇബ്നു ഉസ്മാനുബ്നു അഫ്ഫാൻ (റ)

### സകൈന(റ)

അവരുടെ ഭർത്താവായിരുന്നവർ:

1. അബ്ദുല്ലാഹിബ്നു ഹസൻ ഇബ്നു അലി
2. മിസ്അബുബ്നു സുബൈർ
3. അസ്ബഗ്ബ്നു അബ്ദിൽ അസീസ്
4. സൈദുബ്നു അംറ് ഇബ്നു ഉസ്മാൻ ഇബ്നു അഫ്ഫാൻ
5. അബ്ദുല്ലാഹിബ്നു ഉസ്മാൻ ഇബ്നു അബ്ദുല്ല
6. ഇബ്റാഹീം ഇബ്നു അബ്ദുർറഹ്മാനിബ്നു ഔഫ്

## ഹുസൈനോട് യുദ്ധം ചെയ്തവർ

### യുദ്ധത്തിന് മുമ്പ്

– കൂഫക്കാരും അവരുടെ മക്കളും അദ്ദേഹത്തിനെതിരെ യുദ്ധത്തിന് പുറപ്പെടുകയുണ്ടായി.

### യുദ്ധത്തിനിടക്ക്

–യുദ്ധത്തിന് ആഹ്വാനം നൽകിയത് ഉബൈദുല്ലാഹിബ്നു സിയാദ്. അംറുബ്നു സഅ്ദ് സൈന്യത്തലവൻ. വധത്തിന് കാരണക്കാരായ സൈനികവ്യൂഹം സിനാനുബ്നു അനസ് അന്നഖഇയ്യുടെയും ശംറ് ബ്നു ദിൽജൗശന്റെയും കീഴിലുള്ളത്.

### അപമാനിച്ചവർ

– ഹുസൈനെ വധിച്ചവരെ ഭരണാധികാരി യസീദുബ്നു മുആവിയ ശിക്ഷിച്ചില്ല. ഉബൈദുല്ലാഹിബ്നു സിയാദിനെ ശാസിക്കുക മാത്രം ചെയ്തു. ഹുസൈൻ(റ) കുടുംബത്തിന് സാമ്പത്തികമായ നഷ്ടപരിഹാരങ്ങളും.

### സഹായിച്ചവർ

### യുദ്ധത്തിനു മുമ്പ്

സ്വഹാബികളും നബികുടുംബങ്ങളും യുദ്ധത്തിന് പോകരുതെന്ന് ഹുസൈനെ ഉപദേശിച്ചിരുന്നു. അവരിൽ പ്രധാനികൾ: ഇബ്നു അബ്ബാസ്, ഇബ്നു ഉമർ, ഇബ്നു സുബൈർ, മുഹമ്മദുബ്നു അലി (ഇബ്നുൽ ഹനഫിയ്യ), അബ്ദുല്ലാഹിബ്നു ജഅ്ഫർ ഇബ്നു അബീത്വാലിബ്, അബ്ദുല്ലാഹിബ്നു മുത്വീഅ്, അബ്ദുല്ലാഹിബ്നു അയ്യാശ്, യസീദുബ്നുൽ അസ്വമ്മ്.

## യുദ്ധത്തിനിടെ

സഹായികളായി സഹോദരന്മാരായ അബൂബക്കർ, അബ്ബാസ്, ഉസ്മാൻ, ജഅ്ഫർ, അബ്ദുല്ല, പിന്നെ സ്വന്തം മക്കളും സഹോദരന്മാരുടെ മക്കളും; ഹർറുബ്നു യസീദ് തമീമിയെപ്പോലുള്ള മറ്റു സഹകാരികളും.


## യുദ്ധത്തിനു ശേഷം

ഹുസൈനെ വധിച്ചവർക്കെതിരെ പണ്ഡിതന്മാരുടെ ശാപ പ്രാർഥന. അബൂബക്കറുബ്നുൽ ഖല്ലാൽ പറഞ്ഞു: "അല്ലാഹു ശപിക്കട്ടെ ഹുസൈനെ കൊന്നവനെ; അല്ലാഹു ശപിക്കട്ടെ ഉമറിനെ കൊന്നവനെ; അല്ലാഹു ശപിക്കട്ടെ ഉസ്മാനെ കൊന്നവനെ; അല്ലാഹു ശപിക്കട്ടെ അലിയെ കൊന്നവനെ."

തഖിയ്യുദ്ദീൻ ഇബ്നു തൈമിയ്യ: "ഹുസൈനെ കൊന്നവർക്കും കൊല്ലാൻ സഹായിച്ചവർക്കും ആ സംഭവത്തിൽ സംതൃപ്തി തോന്നുന്നവർക്കും ദൈവത്തിന്റെയും മലക്കുകളുടെയും സർവ മനുഷ്യരുടെയും ശാപമുണ്ടാവട്ടെ."

ഹുസൈന്റെ ഘാതകരെക്കുറിച്ച് ഖുർത്വുബി: "അല്ലാഹു ഹുസൈനോട് കരുണ കാണിക്കട്ടെ; ഹുസൈൻഘാതകരോട് കരുണ കാണിക്കാതെയുമിരിക്കട്ടെ. ഹുസൈനിൽ അല്ലാഹു തൃപ്തനാവട്ടെ; ഹുസൈൻഘാതകരിൽ തൃപ്തനാവാതെയുമിരിക്കട്ടെ."

# ചാർട്ട് 9


യൂറോപ്പ്
കോൺസ്റ്റാന്റി നോപ്പിൾ
സബീത്വല
മധ്യധരണ്യാഴി
ആഫ്രിക്ക
ഈജിപ്ത്
ശാം
മദീന
മക്ക
ചെങ്കടൽ
അറേബ്യൻ ഉപഭൂഖണ്ഡം
അറേബ്യൻ ഗൾഫ്
പേർഷ്യ
ഏഷ്യ
ത്വമീസ
ഉസ്മാന്റെ ഭരണകാലത്ത് ഹി. 36–ൽ നടന്ന സബീത്വല യുദ്ധത്തിൽ ഹുസൈനോടൊപ്പം ഹസൻ, ഇബ്നു ഉമർ, ഇബ്നു അബ്ബാസ്, ഇബ്നു സുബൈർ, അബ്ദുല്ലാഹിബ്നു ജഅ്ഫർ, അബ്ദുല്ലാഹിബ്നു അംരിബ്നു ആസ് തുടങ്ങിയവർ പങ്കെടുത്തിരുന്നു. സൈന്യത്തിന് നേതൃത്വം നൽകിയത് അബ്ദുല്ലാഹിബ്നു അബിസ്സർജ്. മദീനയിൽനിന്ന് ഇവിടെ വന്ന് തിരിച്ചുപോകണമെങ്കിൽ ചുരുങ്ങിയത് ഏഴായിരം കിലോമീറ്റർ താണ്ടണം.
ഹുസൈനും അബൂ അയ്യൂബൽ അൻസ്വാരിയും ഒരു സംഘം സ്വഹാബികളും ഈ യുദ്ധത്തിൽ പങ്കെടുത്തു. മുആവിയയുടെ ഭരണകാലത്ത് ഹി. 49–ൽ ആയിരുന്നു യുദ്ധം. സേനാ നേതാവ് യസീദുബ്നു മുആവിയ. മദീനയിൽ നിന്ന് ഇങ്ങോട്ടേക്ക് വരവും തിരിച്ചു പോക്കും ഉൾപ്പെടെ ഏകദേശം നാലായിരം കി.മീ. ദൂരമുണ്ട്.
ഹുസൈൻ, ഹസൻ, ഇബ്നു ഉമർ, ഇബ്നു അബ്ബാസ്, അബ്ദുല്ലാഹിബ്നു ജഅ്ഫർ, ഇബ്നു സുബൈർ, അബ്ദുല്ലാഹിബ്നു അംരിബ്നു ആസ് തുടങ്ങിയവർ പങ്കെടുത്ത യുദ്ധം. സഈദുബ്നുൽ ആസ് അമവി യുദ്ധ നായകൻ. ഉസ്മാ(റ)ന്റെ ഭരണകാലത്ത് ഹി. 30–ൽ. മദീനയിൽനിന്ന് ഇങ്ങോട്ടേക്ക് വരവും തിരിച്ചുപോക്കും ഉൾപ്പെടെ ഏകദേശം നാലായിരം കിലോമീറ്റർ ദൂരം
ഈ മൂന്ന് യുദ്ധങ്ങൾക്കായി ഹുസൈനും സഹോദരന്മാരും മറ്റു സ്വഹാബികളും യാത്ര ചെയ്തത് മൊത്തം പതിനയ്യായിരത്തോളം കിലോമീറ്ററുകൾ

ഖണ്ഡം - പത്ത്

# ഉസ്മാൻ(റ) നബികുടുംബത്തിൽ

അമീറുൽ മുഅ്മിനീൻ (വിശ്വാസികളുടെ നേതാവ്), ഖുലഫാ ഉർറാശിദുകളിൽ മൂന്നാമത്തെയാൾ, സ്വർഗംകൊണ്ട് സന്തോഷവാർത്ത അറിയിക്കപ്പെട്ട പത്ത് പേരിൽ ഒരാൾ, ഇസ്‌ലാമിലേക്ക് ആദ്യം കടന്നുവന്നവരിൽ ഒരാൾ, മദീനയിലേക്കും എത്യോപ്യയിലേക്കും ഇരട്ട ഹിജ്റ (പലായനം) നടത്തിയ സ്വഹാബി– ഇങ്ങനെ ഒട്ടേറെ സവിശേഷതകളുള്ള വ്യക്തിത്വമാണ് ഉസ്മാൻ. ജാഹിലിയ്യത്തിലെന്ന പോലെ ഇസ്‌ലാമിലും അദ്ദേഹം നേതാവായി തുടർന്നു. അദ്ദേഹം വധിക്കപ്പെട്ടു എന്ന കിംവദന്തി പരന്നപ്പോഴാണ് മരച്ചുവട്ടിൽ വെച്ച് പ്രവാചകനുമായി അനുചരന്മാർ ആ മഹാ കരാർ പ്രഖ്യാപനം (ബൈഅത്തു രിള്‌വാൻ) നടത്തിയത്. ഇങ്ങനെ എണ്ണിയാലൊടുങ്ങാത്ത ശ്രേഷ്ഠതകൾ മേളിച്ച വ്യക്തിത്വമാണ്.


നബികുടുംബവുമായി നാലു വിധത്തിൽ ബന്ധമുണ്ട് അദ്ദേഹത്തിന്:

1. പ്രവാചകന്റെയും ഉസ്മാന്റെയും വംശപരമ്പര അവരുടെ മൂന്നാം പൂർവികൻ അബ്ദുമനാഫിൽ സന്ധിക്കുന്നു. അബ്ദുമനാഫിന്റെ പുത്രൻ അബ്ദുശംസിന്റെ വംശാവലിയിൽ പെടുന്നയാളാണ് ഉസ്മാന്റെ പിതാവ് അഫ്ഫാൻ. അബ്ദുമനാഫിന്റെ മറ്റൊരു പുത്രൻ അബ്ദുൽ മുത്ത്വലിബാണല്ലോ നബിയുടെ പിതാമഹൻ. അതായത് അബ്ദുൽ മുത്ത്വലിബിന്റെ മകൻ അബ്ദുല്ലയുടെ മകനാണ് പ്രവാചകൻ.

2. ഉസ്മാന്റെ മാതാവ് അർവ, കുറൈസിന്റെ പുത്രിയാണ്.

## ചാർട്ട് 10

## ഉസ്മാൻ(റ) പ്രവാചകത്വത്തിന്റെ വീട്ടിൽ



കുറൈസിന്റെ ഭാര്യയാണ് അൽ ബൈളാഅ്, ഇവർ നബിയുടെ പിതാമഹൻ അബ്ദുൽമുത്ത്വലിബിന്റെ മകളാണ്. എന്നല്ല നബിയുടെ പിതാവ് അബ്ദുല്ലയും ബൈളാഉം ഇരട്ടക്കുട്ടികളായിരുന്നുവത്രെ. അപ്പോൾ നബിയുടെ പിതൃസഹോദരിയാണ് ഉസ്മാന്റെ മാതാമഹിയായ ബൈളാഅ്.

3. പിന്നെ തുല്യതയില്ലാത്ത ആ മഹാശ്രേഷ്ഠത. നബിപുത്രിയെ വിവാഹം കഴിച്ചു എന്ന മഹത്വം. നബിപുത്രി റുഖിയ്യ(റ)യെ ഹിജ്റക്ക് മുമ്പാണ് അദ്ദേഹം വിവാഹം കഴിച്ചത്. പിന്നെ അദ്ദേഹം റുഖിയ്യയുമൊന്നിച്ച് അബ്സീനിയയിലേക്ക് ഹിജ്റ പോയി. അവിടെ നിന്ന് മദീനയിലേക്കും. ബദ്ർ യുദ്ധ വേളയിൽ നബിയുടെ നിർദേശപ്രകാരം അവരെ പരിചരിച്ച് കഴിയുകയായിരുന്നു ഉസ്മാൻ(റ).


4. റുഖിയ്യ(റ) മരണപ്പെട്ടപ്പോൾ തന്റെ മറ്റൊരു പുത്രിയായ ഉമ്മു കുൽസൂമി(റ)നെ പ്രവാചകൻ ഉസ്മാന്ന് വിവാഹം ചെയ്തുകൊടുത്തു. ഹി. ഒമ്പതിലാണ് ഉമ്മു കുൽസൂം മരണപ്പെട്ടത്.

അടുത്ത പേജിൽ ഉസ്മാനും നബികുടുംബവും തമ്മിലുള്ള കൂടുതൽ ബന്ധങ്ങൾ നമ്മുടെ ചർച്ചയിൽ വരുന്നതാണ്.

## ചാർട്ട് 11

# നബികുടുംബവും ഉസ്മാൻ കുടുംബവും തമ്മിലെ വിവാഹബന്ധങ്ങൾ

(ഒരേ അക്കത്തിലുള്ളവർ തമ്മിലാണ് വിവാഹം. ഏതാനും വിവാഹങ്ങൾ മാത്രമേ ഇവിടെ പരാമർശിച്ചിട്ടുള്ളൂ)



ഖണ്ഡം - പതിനൊന്ന്

# നബികുടുംബവും ഉസ്മാൻകുടുംബവും തമ്മിലെ വിവാഹബന്ധങ്ങൾ

നബി കുടുംബവും ഉസ്മാനുബ്നു അഫ്ഫാന്റെ കുടുംബവും തമ്മിലുള്ള എട്ട് വിവാഹബന്ധങ്ങളാണ് നാം ഈ ഖണ്ഡത്തിൽ പ്രതിപാദിക്കുന്നത്.

1. നബി(സ)യുടെ മൂന്നാം പൂർവപിതാവ് അബ്ദുമനാഫിൽ ഉസ്മാനുബ്നു അഫ്ഫാ(റ)ന്റെ കുടുംബവും സന്ധിക്കുന്നു.

2. നബിയുടെ റുഖിയ്യ, ഉമ്മുകുൽസൂം എന്നീ രണ്ട് പെൺമക്കളെ ഉസ്മാൻ (റ) വിഹാം ചെയ്യുന്നു.

3. ഈ വിവാഹബന്ധം അഞ്ച് തലമുറയോളം നീളുന്നു. ഉസ്മാന് ശേഷം അദ്ദേഹത്തിന്റെ മകൻ അബ്ബാസ്, മറ്റൊരു മകനായ അംറിന്റെ മകൻ സൈദ്, അബ്ദുല്ല എന്നീ പുത്രന്മാർ, പിന്നെ ഉസ്മാന്റെ പേരക്കുട്ടികളുടെ പേരക്കുട്ടികൾ– ഇവരൊക്കെ ആ വിവാഹബന്ധങ്ങളിൽ പങ്കാളികളാവുന്നു.

4. ഹസൻ കുടുംബവുമായി രണ്ടും ഹുസൈൻ കുടുംബവുമായി മൂന്നും വിവാഹ ബന്ധങ്ങളിലാണ് ഉസ്മാന്റെ കുടുംബം ഏർപ്പെട്ടത്.

സാമൂഹിക ബന്ധങ്ങളും കുടുംബബന്ധങ്ങളും ശക്തിപ്പെടുത്തുന്നതിൽ വിവാഹത്തിനുള്ള പ്രാധാന്യം ആരെയും പറഞ്ഞറിയിക്കേണ്ടതില്ല. നബികുടുംബത്തിനും അദ്ദേഹത്തിന്റെ അനുചരന്മാരുടെ കുടുംബങ്ങൾക്കും ലഭിച്ച അത്യുദാത്തമായ പ്രവാചകശിക്ഷണത്തിന്റെ സ്വാഭാവിക ഫലമല്ലേ ധാരാളമായി നടന്ന ഈ വിവാഹ ബന്ധങ്ങൾ? നോക്കൂ, മക്കളും അവരുടെ മക്കളും കഴിഞ്ഞ് അവരുടെ

പേരമക്കളിലേക്ക് കൂടി ആ ബന്ധം വ്യാപിക്കുന്നു!

ശരിക്കും ആലോചിക്കൂ; ഒരാളുടെ ഇസ്‌ലാമിയ്യത്തിലോ ധാർമി കതയിലോ നിങ്ങൾക്ക് സംശയമുണ്ടായാൽ, അല്ലെങ്കിൽ അയാൾക്ക് നിങ്ങളോട് ശത്രുതയുണ്ടെന്ന് തോന്നിയാൽ അത്തരക്കാരുമായി നിങ്ങൾ വിവാഹബന്ധത്തിന് മുതിരുമോ? നിങ്ങളത് ചെയ്യില്ലെങ്കിൽ, അത്തരം കാര്യങ്ങളിൽ നിങ്ങളെക്കാളേറെ ശ്രദ്ധയും സൂക്ഷ്മതയും കാണിക്കുക നബിയുടെയും അനുചരന്മാരുടെയും കുടുംബങ്ങൾ തന്നെയായിരിക്കുമെന്ന് മനസ്സിലാക്കുക.

ഖണ്ഡം - പന്ത്രണ്ട്

# നബികുടുംബവും അബ്ദുശ്ശംസ് കുടുംബവുമായി വിവാഹബന്ധങ്ങൾ

വളരെ പ്രധാനപ്പെട്ട ഒരു ഖണ്ഡമാണിത്. ഉസ്മാൻ(റ)കുടുംബവുമായുള്ള നബികുടുംബത്തിന്റെ വിവാഹ ബന്ധങ്ങൾ നാം നേരത്തെ പ്രത്യേകം പരാമർശിച്ചിട്ടുണ്ട്. ഈ ഖണ്ഡിത്തിലൂടെ മറ്റു ചില കാര്യങ്ങളാണ് വായനക്കാരന്റെ ശ്രദ്ധയിൽ പെടുത്താൻ ആഗ്രഹിക്കുന്നത്.

1. നബികുടുംബം സമൂഹത്തിൽനിന്ന് വേർപ്പെട്ടുനിന്ന ഒരു കുടുംബമായിരുന്നില്ല. വിവിധ തലമുറകളിൽ നടന്ന ഒട്ടനവധി വിവാഹബന്ധങ്ങൾ അതാണ് കാണിക്കുന്നത്.

2. ഉസ്മാൻകുടുംബവുമായി എട്ട്, മർവാനുബ്നുൽ ഹകം കുടുംബവുമായി ആറ്, അബൂസുഫ്യാൻ കുടുംബവുമായി നാല് – നബികുടുംബവുമായുള്ള വിവാഹബന്ധങ്ങളുടെ എണ്ണമാണിത്.


3. അലികുടുംബവുമായുള്ള വിവാഹ ബന്ധങ്ങൾ പതിമൂന്നോളം വരും.

4. ഈ വിവാഹബന്ധങ്ങൾ മിക്കതും ഉണ്ടായത് 'കുഴപ്പങ്ങളുടെ കാല' (സ്വിഫ്ഫീൻ, ജമൽ, കർബലാഅ്)ത്തിന് ശേഷമാണ്.

5. നബികുടുംബവും അബൂസുഫ്യാൻ കുടുംബവും തമ്മിൽ നാല് വിവാഹബന്ധങ്ങൾ ഉണ്ട്. അതിലേറ്റവും പവിത്രമായത് അബൂസുഫ്യാന്റെ പുത്രി ഉമ്മു ഹബീബയുമായുള്ള നബിയുടെ വിവാഹ ബന്ധമാണ് (നബി പത്നിമാരിൽ നബിയോട് ഏറ്റവുമടുത്ത കുടുംബ ബന്ധമുള്ളതും ഉമ്മു ഹബീബക്കാണ്).

## ചാർട്ട് 12

# നബികുടുംബവും അബ്ദുശ്ശംസ് കുടുംബവുമായി വിവാഹബന്ധങ്ങൾ




* ഈ കുടുംബത്തിൽ പെടുന്ന ഉസ്മാ(റ)ന്റെവിവാഹബന്ധങ്ങൾ നേരത്തെ പരാമർശിച്ചതിനാൽ ഇവിടെ ഉൾപ്പെടുത്തിയിട്ടില്ല

ഖണ്ഡം - പതിമൂന്ന്

# സുബൈർ (റ) പ്രവാചക കുടുംബത്തിൽ

സുബൈറുബ്നു അവാം ഇബ്നു ഖുവൈലിദുബ്നു അസദുബ്നു അബ്ദിൽ ഉസ്സ ഇബ്നു ഖുസയ്യുബ്നു കിലാബിൽ ഖുറശി അൽ അസദി എന്നാണ് വംശ പരമ്പര ചേർത്തുള്ള പേര്. സുബൈറുബ്നുൽ അവാം, അബൂ അബ്ദില്ല എന്നീ പേരുകളിൽ അറിയപ്പെട്ടു. നബി(സ)യുടെ പിതൃസഹോദരിയും അബ്ദുൽ മുത്ത്വലിബിന്റെ മകളുമായ സ്വഫിയ്യയുടെ മകനാണ്. നബി സ്വർഗം വാഗ്ദാനം ചെയ്ത പത്തു പേരിൽ ഒരാൾ. ആറ് സ്വഹാബികൾ ചേർന്ന കൂടിയാലോചനാ സമിതിയിൽ ഉൾപ്പെട്ടിരുന്നു. തന്റെ സഹോദരൻ സുബൈറുബ്നു അബ്ദിൽ മുത്ത്വലിബിനുണ്ടായിരുന്ന അബുത്ത്വാഹിർ എന്ന ഓമനപ്പേര് സ്വഫിയ്യ തന്റെ മകൻ സുബൈറിനു നൽകി. മകൻ അബ്ദുല്ലക്കും സുബൈർ ഇതേ ഓമനപ്പേര് നൽകി. സുബൈർ ഇസ്‌ലാം സ്വീകരിച്ചത് പന്ത്രണ്ടാം വയസ്സിലാണെന്നും എട്ടാം വയസ്സിലാണെന്നും അഭിപ്രായമുണ്ട്.


പല നിലക്കും നബികുടുംബവുമായി ബന്ധമുണ്ട് സുബൈറിന്.

1. നബി(സ)യുടെ നാലാം പൂർവികൻ ഖുസ്വയ്യുബ്നു കിലാബിൽ നബിയുടെയും സുബൈറിന്റെയും വംശപരമ്പരമകൾ ഒന്നിക്കുന്നു.

2. സുബൈറിന്റെ മാതാവ് സ്വഫിയ്യ അബ്ദുൽ മുത്ത്വലിബിന്റെ മകളും നബിയുടെ പിതൃസഹോദരിയുമാണ്. ഇവരും ഹംസ(റ)യും അബ്ദുൽ മുത്ത്വലിബിന് ഒരേ ഭാര്യയിലുണ്ടായ മക്കളാണ്. ഇവരെ ആദ്യം വിവാഹം ചെയ്തിരുന്നത് ഹാരിസുബ്നു ഹർബുബ്നു ഉമയ്യ ആയിരുന്നു. ഹാരിസ് മരിച്ചതിനു ശേഷമാണ് ഖുവൈലിദിന്റെ മകൻ

## ചാർട്ട് 13

## സുബൈറും നബികുടുംബവും



അവാം അവരെ വിവാഹം ചെയ്തത്. ഇതിലുണ്ടായ മക്കളാണ് സുബൈറും സാഇബും. സുബൈറിനോടൊപ്പം മാതാവ് സ്വഫിയ്യയും ഇസ്‌ലാം സ്വീകരിക്കുകയും ഹിജ്റ പോവുകയും ചെയ്തിട്ടുണ്ട്. ഉമറിന്റെ ഖിലാഫത്ത് വരെ സ്വഫിയ്യ(റ) ജീവിച്ചു.

3. നബി(സ)യുടെ പത്നിയും ആദ്യ വിശ്വാസിയും വിശ്വാസികളുടെ മാതാവുമായ ഖദീജ(റ) സുബൈറിന്റെ പിതൃസഹോദരിയാണ്. സുബൈറിന്റെ പിതാവായ അവാമും ഖദീജ(റ)യും ഖുവൈലിദിന്റെ മക്കളാണ്.

4. അപ്പോൾ നബിപുത്രി ഫാതിമ(റ) സുബൈറിന്റെ അമ്മായി(പിതൃസഹോദരി)യുടെ മകൾ കൂടിയാണ്. സുബൈറി(റ)ന്റെ നബികുടുംബ ബന്ധം വ്യക്തമാക്കാൻ ഇനിയും തെളിവുകളെന്തിന്?

# ചാർട്ട് 14

## അലി–സുബൈർ കുടുംബങ്ങൾ തമ്മിലെ വിവാഹബന്ധങ്ങൾ

ഖുസയ്യ്ബ്നു കിലാബ്

അബ്ദുൽ മുത്ത്വലിബ് ബ്നു ഹാശിം → അലിയ്യിബ്നു അബീത്വാലിബ്

ഖുവൈലിദുബ്നു അസദുബ്നു അബ്ദിൽ ഉസ്സ → സുബൈർ ബ്നുൽ അവ്വാം

| | അലിയ്യിബ്നു അബീത്വാലിബ് | | സുബൈർ ബ്നുൽ അവ്വാം |
|---|---|---|---|
| 1 | → | ഫാത്വിമ ● മുൻദിർ | ← ഉബൈദ |
| 2 | ഹസൻ → ഹസൻ → | മലീക ● ജഅ്ഫർ | ← മിസ്അബ് |
| 3 | ഹസൻ → | റുഖിയ്യ ● അംറ് | ← മുൻദിർ |
| 4 | ഹസൻ → ഹസൻ → അബ്ദുല്ല → | മുഹമ്മദ് ● ഫാഖിതഃ | ← ഫലീഹ് ← മുഹമ്മദ് ← മുൻദിർ |
| 5 | ഹസൻ → | ഹുസൈൻ ● അമീന | ← ഹംസ ← മുൻദിർ |
| 6 | ഹസൻ → | നഫീസ ● | ← അബ്ദുല്ല |
| 7 | ഹുസൈൻ → | സകൈന ● | ← മിസ്അബ് |
| 8 | ഹുസൈൻ → അലി → | ഹുസൈൻ ● ഖാലിദ | ← ഹംസ ← മിസ്അബ് |
| 9 | ഹുസൈൻ → അലി → ഉമർ → | മൂസാ ● ഉബൈദ | ← സുബൈർ ← ഹിശാം ← ഉർവ |
| 10 | ഹുസൈൻ → അലി → ഉമർ → | ജഅ്ഫർ ● ഫാത്വിമ | ← ഉസ്മാൻ ← ഉർവ |
| 11 | ഹുസൈൻ → അലി → ഹുസൈൻ → | ഇബ്റാഹീം ● ബരീഖ | ← ഉബൈദുല്ല ← മുഹമ്മദ് ← മുൻദിർ |
| 12 | ഹസൻ → ഹസൻ → അബ്ദുല്ല → | മുഹമ്മദ് ● അമീന | ← മിസ്അബ് ← മിസ്അബ് |
| 13 | മുഹമ്മദ് → അലി → ഔൻ → | മുഹമ്മദ് ● സ്വഫിയ്യ | ← മുഹമ്മദ് ← മിസ്അബ് |
| 14 | ഹുസൈൻ → അലി → ഹുസൈൻ → | അബ്ദുല്ല ● ഉമ്മു അംറ് | ← അംറ് ← സുബൈർ ← അംറ് |

● എന്ന ചിഹ്നത്തിന്റെ ഇരുവശത്തുമുള്ളവരാണ് വിവാഹിതരായവർ

ഖണ്ഡം - പതിനാല്

# അലികുടുംബവും സുബൈർ കുടുംബവും തമ്മിലുള്ള വിവാഹബന്ധങ്ങൾ

നബികുടുംബവും സ്വഹാബികളും തമ്മിലുള്ള സ്നേഹോഷ്മള ബന്ധത്തിന്റെ മികച്ച ഉദാഹരണമാണ് ഈ രണ്ട് കുടുംബങ്ങളും തമ്മിലുള്ള സുദൃഢ ബന്ധങ്ങൾ.

1. ഹിജ്റ 36–ലെ ജമൽ യുദ്ധാനന്തരമാണ് ഈ വിവാഹബന്ധങ്ങൾ നടന്നത് എന്ന ചരിത്ര വസ്തുത, ഈ സംഭവം അവർക്കിടയിലെ സ്നേഹബന്ധങ്ങളെ ബാധിച്ചിരുന്നില്ലെന്നതിന് തെളിവാണ്. ഇത് സംബന്ധമായി ഓറിയന്റലിസ്റ്റുകൾ പറഞ്ഞു പരത്തുന്നതെല്ലാം തനി വ്യാജവും പച്ചക്കള്ളവുമാണെന്നർഥം.

2. ഇരു കുടുംബങ്ങളും തമ്മിൽ ഒരു നൂറ്റാണ്ടിനിടയിൽ പതിനാല് വിവാഹ ബന്ധങ്ങൾ ഉണ്ടായി. മക്കളും പേരമക്കളുമായി ആറ് തലമുറകളിലായാണ് ഈ ബന്ധങ്ങൾ ഊട്ടിയുറപ്പിക്കപ്പെട്ടത്.

3. ഇതിൽ ഹസൻ കുടുംബത്തിന്റെ ഓഹരി ആറ് ബന്ധങ്ങളാണ്. ഇതിൽ ഹസന്റെ രണ്ട് പെൺകുട്ടികളും (റുഖിയ്യ, നഫീസ) മൂന്ന് പേരക്കുട്ടികളും ഉൾപ്പെടും. ഹസന്റെ പേരക്കുട്ടിയായ അബ്ദുല്ല സുബൈർകുടുംബവുമായി രണ്ടു തവണ വിവാഹബന്ധം സ്ഥാപിച്ചിട്ടുണ്ടെന്നും ഓർക്കണം.

4. ഹുസൈൻ കുടുംബത്തിന്റെ ഓഹരിയും ആറു തന്നെയാണ്. ഹുസൈന്റെ മകൾ സകൈനയുടെ വിവാഹമൊഴിച്ചാൽ, ബാക്കി അഞ്ച് പേരും ഹുസൈന്റെ പേരക്കുട്ടികളായ പുരുഷന്മാരായിരുന്നു.

5. അലി കുടുംബവുമായി മിസ്അബുബ്നു സുബൈർ കുടുംബത്തിന് അഞ്ച് വിവാഹബന്ധങ്ങളുണ്ട്.

ഖണ്ഡം - പതിനഞ്ച്

# അലി-ത്വൽഹ കുടുംബങ്ങൾ തമ്മിലുള്ള വിവാഹബന്ധങ്ങൾ

ജമൽ യുദ്ധത്തെപ്പറ്റി പടച്ചുണ്ടാക്കിയ നുണക്കഥകളെക്കുറിച്ച് നാം വളരെ ജാഗ്രത്താവണമെന്നാണ് ഈ ഖണ്ഡത്തിൽ സൂചിപ്പിക്കാൻ ഉദ്ദേശിക്കുന്നത്. കഴിഞ്ഞ ഖണ്ഡത്തിൽ നാം സുബൈർ കുടുംബത്തെക്കുറിച്ച് പറഞ്ഞു. ഈ ഖണ്ഡത്തിൽ ത്വൽഹ കുടുംബത്തെക്കുറിച്ച പ്രതിപാദനമാണ്. നുണക്കഥകൾ ചമക്കുന്നവർ അവകാശപ്പെടുന്ന പോലെ ഇവർ തമ്മിലൊക്കെ ഭയങ്കര ശത്രുത ഉണ്ടായിരുന്നെങ്കിൽ, പിൽക്കാലത്ത് ഈ വിവാഹബന്ധങ്ങൾ എങ്ങനെ സംഭവിക്കാനാണ്!

ഉബൈദുല്ലയുടെ മകനാണ് ത്വൽഹ. ഖുറൈശ് കുടുംബത്തിലെ തൈമി താവഴിയിൽ പെടുന്നയാൾ. അബൂ മുഹമ്മദ് എന്ന് വിളിപ്പേര്. സ്വർഗം വാഗ്ദാനം ചെയ്യപ്പെട്ട പത്ത് പേരിലൊരാൾ. ഇസ്‌ലാമിലേക്ക് വന്ന ആദ്യ എട്ടു പേരിൽ ത്വൽഹ ഉണ്ട്. അബൂബക്കറി(റ)ന്റെ കൈയാൽ ഇസ്‌ലാം സ്വീകരിച്ച അഞ്ചു പേരിൽ ഒരാൾ. സ്വഹാബികളിലെ അറംഗ കൂടിയാലോചനാ സമിതിയിൽ അംഗം. അദ്ദേഹത്തിന് ഇസ്‌ലാമിലുള്ള ശ്രേഷ്ഠതയെക്കുറിച്ചും മുൻഗണനയെക്കുറിച്ചും ഒരാൾക്കുമില്ല സംശയം. ഈ ഖണ്ഡത്തിൽ നാം അദ്ദേഹത്തിന്റെ കുടുംബവുമായുള്ള നബികുടുംബത്തിന്റെ ബന്ധങ്ങളാണ് പരിശോധിക്കുന്നത്.

1. അലി(റ)യുടെ പുത്രൻ ഹസൻ(റ), ത്വൽഹ(റ)യുടെ പുത്രി ഉമ്മു ഇസ്ഹാഖിനെ വിവാഹം കഴിക്കുന്നു. ഇതിലൊരു കുഞ്ഞ് പിറന്നു- ഹസൻ എന്ന പേരിൽ തന്നെ.

2. ഹസന്റെ മരണശേഷം ഉമ്മു ഇസ്ഹാഖിനെ അദ്ദേഹത്തിന്റെ സഹോദരൻ ഹുസൈൻ വിവാഹം ചെയ്യുന്നു. ഹസന്റെ വസ്വിയ്യത്ത് പ്രകാരമായിരുന്നു ഇത്! ഈ ബന്ധത്തിലാണ് ഫാത്വിമ (സ്വുഗ്റാ) ജനിക്കുന്നത്.

3. ചോദ്യം: ഹസൻ ഹുസൈൻമാർ ജമൽ യുദ്ധത്തിൽ പങ്കു കൊണ്ടിരുന്നല്ലോ? എന്നിട്ടും അവർ (എതിർപക്ഷത്തായിരുന്ന) ത്വൽഹയുടെ മകളെ വിവാഹം ചെയ്തില്ലേ? അപ്പോൾ ജമൽ യുദ്ധ ത്തെക്കുറിച്ച് ഓറിയന്റലിസ്റ്റുകൾ പ്രചരിപ്പിക്കുന്ന കഥകൾക്ക് വല്ല അടിസ്ഥാനവുമുണ്ടോ? ജാഗ്രത! സത്യസന്ധതയില്ലാത്തവർ ഇസ്ലാ മിക ചരിത്രത്തെ വികലമാക്കുന്നതിനെ പ്രതി.


4. ഹസന്റെ പേരക്കുട്ടി അബ്ദുല്ലയും ഹസന്റെ സഹോദരൻ മുഹമ്മദിന്റെ പുത്രൻ ഔനും ത്വൽഹയുടെ പേരക്കുട്ടിയായ ഹഫ്സയെ വിവാഹം ചെയ്യുന്നു. എല്ലാ ജമൽ യുദ്ധത്തിന് ശേഷം.

5. ഹുസൈന്റെ പേരമകൾ അബ്ദഃ ത്വൽഹയുടെ പേരമകൻ നൂഹിനെയാണ് വിവാഹം കഴിക്കുന്നത്. ബാഖിറിന്റെ സഹോദരിയും ജഅ്ഫർ സ്വാദിഖിന്റെ അമ്മായിയും അലി സൈനുൽ ആബിദീന്റെ മകളുമാണ് അബ്ദഃ

## ചാർട്ട് 15

# അലി-ത്വൽഹ കുടുംബങ്ങൾ തമ്മിലുള്ള വിവാഹബന്ധങ്ങൾ

(ഒരേ അക്കത്തിലുള്ളവർ തമ്മിലാണ് വിവാഹം. ഏതാനും വിവാഹങ്ങൾ മാത്രമേ ഇവിടെ പരാമർശിച്ചിട്ടുള്ളൂ)



ഖണ്ഡം - പതിനാറ്

# ഹുസൈന്റെ സന്തതികളുടെ വൈവാഹികബന്ധങ്ങൾ

ഇനി നമുക്ക് ഹുസൈനുബ്നു അലി(റ)യുടെ മക്കളുടെ വൈവാഹിക ബന്ധങ്ങൾ പരിശോധിക്കാം. പ്രത്യേകിച്ച് ഹുസൈൻ സന്തതികളായ അലി, ഫാത്വിമ, സകൈന എന്നിവരെക്കുറിച്ച്. ഇവരെല്ലാം അവരുടെ സഹോദരന്മാരുടെയും പിതൃസഹോദര പുത്രന്മാരുടെയും ഒപ്പം ഹുസൈന്റെ കൂടെ കർബലയിൽ സന്നിഹിതരായിരുന്നു. വൈവാഹിക ബന്ധങ്ങൾ:

1. അലിയുടെ പുത്രനും ഹുസൈന്റെ സഹോദരനുമായ ഹസന്റെ പുത്രനാണ് ഹസൻ (അൽമുസന്നാ). ഇദ്ദേഹം കല്യാണം കഴിച്ചത് ഹുസൈന്റെ പുത്രി ഫാത്വിമ(സ്വുഗ്റാ)യെ ആണ്. ഈ ബന്ധത്തിലുണ്ടായ മക്കളാണ് ഹസൻ, അബ്ദുല്ല, ഇബ്റാഹീം എന്നിവർ. എല്ലാവരും നേതാക്കളായി പ്രശോഭിച്ചവർ.


2. ഹസൻ മുസന്നാ മരണപ്പെട്ടപ്പോൾ (ഏകദേശം ഹി. 97–ൽ) ഫാത്വിമ(സ്വുഗ്റാ)യെ പിന്നീട് വിവാഹം ചെയ്തത് അബ്ദുല്ല. ഇദ്ദേഹം ഉസ്മാനുബ്നു അഫ്ഫാന്റെ മകൻ അംറിന്റെ മകനാണ്. ഇതിൽ മുഹമ്മദ് (ദീബാജ്) എന്ന പുത്രനും മറ്റൊരു പുത്രിയും.

3. ഹുസൈന്റെ മറ്റൊരു മകളായ സകൈനയുടെ ഭർത്താവായിരുന്നു അബ്ദുല്ല. ഇദ്ദേഹം ഹസന്റെ മകനാണ്. ഖാസിം എന്നും അബൂബക്കർ എന്നും ഈ അബ്ദുല്ല അറിയപ്പെടുന്നുണ്ട്. ഒരു കുടുംബകലഹത്തിൽ ഇദ്ദേഹം കൊല്ലപ്പെടുകയായിരുന്നു.

4. പിന്നെ സകൈനയെ വിവാഹം ചെയ്തത് സുബൈറുബ്നു അവ്വാമിന്റെ മകൻ മുസ്അബ്. ഈ ബന്ധത്തിൽ ഒരു മകളുണ്ട്–

## ചാർട്ട് 16

# സ്വഹാബികളുടെ മക്കളുമായി ഹുസൈന്റെ പെൺമക്കളുടെ വിവാഹബന്ധങ്ങൾ



സൈനബ്.

5. ഹി. 71–ൽ മുസ്അബ് വധിക്കപ്പെട്ടപ്പോൾ ഹകീമുബ്നു ഹിസാം എന്ന സ്വഹാബിയുടെ പേരക്കുട്ടി അബ്ദുല്ല സകൈനയെ വിവാഹം ചെയ്തു. ഉസ്മാൻ, ഹകീം, റബീഹ എന്നിവർ ഇവരിലുണ്ടായ മക്കൾ.

6. അദ്ദേഹവും മരണപ്പെട്ടപ്പോൾ ഉസ്മാനുബ്നു അഫ്ഫാന്റെ പേരക്കുട്ടി സൈദ് അവരെ വിവാഹം ചെയ്തു.

7. അദ്ദേഹവും മരണപ്പെട്ടപ്പോൾ അബ്ദുർറഹ്മാനിബ്നു ഔഫിന്റെ മകൻ ഇബ്റാഹീം അവരെ വിവാഹം ചെയ്തു. മൂന്ന് മാസത്തിനു ശേഷം അവരെ വിവാഹമോചനം നടത്തി.

8. മർവാനുബ്നുൽ ഹകമിന്റെ പേരക്കുട്ടി അസ്ബഗ് ആണ് പിന്നീട് സകൈനയെ വിവാഹം ചെയ്തത്. ഉമറുബ്നു അബ്ദിൽ അസീസിന്റെ സഹോദരനാണ് അസ്ബഗ്. അദ്ദേഹം നേരത്തേ മരണപ്പെട്ടു.

ഈ വിവാഹബന്ധങ്ങളിൽ താഴെ പറയുന്ന കാര്യങ്ങൾ വെളിപ്പെടുന്നു.

1. ഈ ബന്ധങ്ങളിലൊക്കെ സകൈനയുടെ വലിയ്യ് ആയി നിന്നത് അവരുടെ സഹോദരനായ അലിയ്യുബ്നുൽ ഹുസൈൻ ആയിരിക്കാനാണ് സാധ്യത.

2. സകൈനയുടെ രണ്ട് ഭർത്താക്കന്മാർ വളരെ നേരത്തേ കൊല്ലപ്പെട്ടു. മറ്റൊരാൾ മരിച്ചു. ഒരാൾ അവരെ ത്വലാഖ് ചൊല്ലി. അതുകൊണ്ടാണ് ഇത്രയധികം ഭർത്താക്കന്മാർ അവരുടെ ജീവിതത്തിൽ ഉണ്ടായത്.

3. നോക്കുക! ഫാത്വിമ, സകൈന എന്നീ ഹുസൈന്റെ രണ്ട് പെൺമക്കളുടെയും ഭർത്താക്കന്മാരായി വരുന്നത് പ്രമുഖ സ്വഹാബികളുടെ പേരമക്കളാണ്. ഉസ്മാൻ, സുബൈർ, അബ്ദുർറഹ്മാനിബ്നു ഔഫ് തുടങ്ങിയ സ്വഹാബിപ്രമുഖരുടെ താവഴിയിൽ പെട്ടവർ. നബികുടുംബവും സ്വഹാബികളും തമ്മിലുള്ള സ്നേഹബന്ധം അവരുടെ പേരമക്കളിലേക്ക് കൂടി വ്യാപിച്ചിരുന്നു എന്നതിന് ഇനിയും തെളിവുകൾ വേണോ?

ഖണ്ഡം - പതിനേഴ്

# മുഹമ്മദുൽ ബാഖിർ(റ)

അബൂ ജഅ്ഫർ എന്ന പേരിൽ വിശ്രുതനായ ഇമാം. മുഴുവൻ പേര് മുഹമ്മദുബ്നു അലിയ്യിബ്നു ഹുസൈനുബ്നു അലിയ്യുബ്നു അബീത്ത്വാലിബ്. പിതാവ് സൈനുൽ ആബിദീൻ. ഹി. 56–ൽ ജനനം. ഏത് വിഷയവും 'കീറിമുറിച്ച്' (ബഖറ) അതിന്റെ ആന്തരാർഥങ്ങൾ കണ്ടെത്താൻ കഴിവ് നേടിയതിനാലാണ് 'ബാഖിർ' എന്ന അപര നാമത്തിൽ അറിയപ്പെടാൻ തുടങ്ങിയത്.

അദ്ദേഹത്തിന്റെ പ്രധാന ഗുരുക്കന്മാരെല്ലാം സ്വഹാബി പ്രമുഖരായിരുന്നു. ജാബിറുബ്നു അബ്ദില്ല അൽ അൻസ്വാരി, അനസുബ്നു മാലിക്, അബൂ സഈദിൽ ഖുദ്‌രി, അബ്ദുല്ലാഹിബ്നു ഉമർ, അബ്ദുല്ലാഹിബ്നു അബ്ബാസ്(റ) പോലുള്ളവർ. അറിവ് പകരുന്നതിലും സാംസ്കാരിക ബന്ധങ്ങൾ ഊട്ടിയുറപ്പിക്കുന്നതിലും നബികുടുംബവും പ്രവാചക ശിഷ്യപ്രമുഖരും നമുക്ക് കാണിച്ചുതരുന്ന മറ്റൊരു മികച്ച മാതൃക. എണ്ണപ്പെട്ട ഹദീസ് ഗ്രന്ഥങ്ങളിൽ ബാഖിറിൽനിന്നായി 244 ഹദീസുകൾ ഉദ്ധരിക്കപ്പെട്ടിട്ടുണ്ട്. ഖുർആൻ വ്യാഖ്യാനഗ്രന്ഥങ്ങളിലും മറ്റും വന്ന ഉദ്ധരണികൾ ഇതിന് പുറമെയാണ്.

ബാഖിർ അബൂബക്കർ സ്വിദ്ദീഖിന്റെ കുടുംബവുമായി വിവാഹ ബന്ധം സ്ഥാപിച്ചിരുന്നതായി നേരത്തെ സൂചിപ്പിച്ചു. സ്വിദ്ദീഖിന്റെ പുത്രൻ/ മുഹമ്മദിന്റെ പുത്രൻ/ഖാസിമിന്റെ പുത്രി ഉമ്മു ഫർവയെ ബാഖിർ വിവാഹം ചെയ്തിരുന്നു. ഈ ബന്ധത്തിലാണ് ജഅ്ഫർ സ്വാദിഖ് ജനിച്ചത്. സ്വിദ്ദീഖിന്റെ പുത്രി ആഇശ(റ)യെ വിവാഹം ചെയ്ത തന്റെ പ്രപിതാവ് റസൂലി(സ)നെ മാതൃകയാക്കുകയായി

രുന്നു ബാഖിർ. ബാഖിറിന്റെ പിതാവിന്റെ പിതൃവ്യൻ ഹസനുബ്നു അലി വിവാഹം ചെയ്തിരുന്നത് സ്വിദ്ദീഖിന്റെ പുത്രൻ അബ്ദുർറഹ്മാന്റെ പുത്രി ഹഫ്സ്വയെ ആയിരുന്നല്ലോ. എന്നു മാത്രമല്ല, ബാഖിറിന്റെ സഹോദര പുത്രൻ ഇസ്ഹാഖുബ്നു അബ്ദില്ല ഇണയെ കണ്ടെത്തിയതും സ്വിദ്ദീഖ് കുടുംബത്തിൽനിന്നുതന്നെ. എന്തൊരു സ്നേഹോഷ്മളമായ ബന്ധമാണ് ഇവർ തമ്മിൽ നിലനിന്നിരുന്നത്!

ഈ ഖണ്ഡം നാം അവസാനിപ്പിക്കുന്നത് അർബലി ഉദ്ധരിച്ച ബാഖിറിന്റെ പരാമർശങ്ങളോടെയാണ്. വാളിന് അലങ്കാരമണിയിക്കുന്നതിനെക്കുറിച്ച് ഒരാൾ ബാഖിറിനോട് ചോദിച്ചു. ബാഖിർ പറഞ്ഞു: "അതിൽ തെറ്റില്ല. അബൂബക്കർ സ്വിദ്ദീഖ് തന്റെ വാളിന് അലങ്കാരമണിയിക്കാറുണ്ടായിരുന്നു." അപ്പോൾ ഞാൻ ചോദിച്ചു: "സ്വിദ്ദീഖ് എന്നാണോ താങ്കൾ പറഞ്ഞത്?" അപ്പോൾ ബാഖിർ ചാടിയെണീറ്റ് ഖിബ്ലക്ക് നേരെ തിരിഞ്ഞു നിന്ന് പറഞ്ഞു: "അതെ, സ്വിദ്ദീഖ്, സ്വിദ്ദീഖ്, സ്വിദ്ദീഖ്! ആര് അദ്ദേഹത്തെക്കുറിച്ച് സ്വിദ്ദീഖ് എന്ന് പറയുന്നില്ലയോ, ഈ ലോകത്തും പരലോകത്തും അവന്റെ വാക്കുകളൊക്കെ അസത്യമായി പരിണമിക്കട്ടെ" (കശ്ഫുൽ ഗുമ്മഃ 2/360)

## ചാർട്ട് 17

# മുഹമ്മദുൽ ബാഖിർ

## (മുഹമ്മദ് ബ്നു അലി ബ്നുൽ ഹുസൈൻ ബ്നു അലിയ്യുബ്നു അബീത്വാലിബ്)

## (ജനനം ഹി. 56–ൽ, മരണം ഹി. 114–ൽ)

**ബാഖിറിന്റെ സ്വഹാബികളായ ഗുരുക്കന്മാർ**

- ഉമ്മു സലമ(റ) ഹിന്ദ് അൽ മഖ്സൂമിയ്യ (നബി പത്നി)
- അബൂ സഈദിൽ ഖുദ്‌രി(റ)
- അനസ് ബ്നു മാലിക് അൽ അൻസ്വാരി(റ)
- ജാബിർ ബ്നു അബ്ദില്ല അൽ അൻസ്വാരി(റ)
- അബ്ദുല്ലാഹിബ്നു അബ്ബാസ് (റ)
- അബ്ദുല്ലാഹിബ്നു ഉമർ (റ)

**ബാഖിറിന്റെ മാതാവ്**

**ഉമ്മു അബ്ദില്ല**
(അലിയുടെ മകൻ ഹസന്റെ മകൾ)

**ഭാര്യമാരിലൊരാൾ**

**ഉമ്മു ഫർവ**
(സ്വിദ്ദീഖിന്റെ മകൻ മുഹമ്മദിന്റെ മകൻ ഖാസിമിന്റെ മകൾ)

ഖണ്ഡം - പതിനെട്ട്

# മുഹമ്മദ് ദീബാജിന്റെ മകൾ ഹഫ്സ്വ–ഖുലഫാ ഉർറാശിദുകളുടെയും ത്വൽഹയുടെയും സുബൈറിന്റെയും പേരക്കുട്ടി

ഏതാണ്ട് നൂറ്റമ്പത് വർഷം നബികുടുംബത്തിന്റെയും സ്വഹാബത്തിന്റെയും പേരമക്കൾ തമ്മിലുള്ള ബന്ധം എത്രത്തോളം ഊഷ്മളമായിരുന്നുവെന്നതിന് നിങ്ങൾക്ക് മുമ്പിൽ വേണ്ടത്ര തെളിവുകൾ.

ഇവിടെയിതാ ഹഫ്സ്വ. മുഹമ്മദ് ദീബാജിന്റെ മകൾ. മൂന്നാം ഖലീഫ ഉസ്മാന്റെ(റ) മകൻ അംറിന്റെ മകൻ അബ്ദുല്ലയാണ് മുഹമ്മദ് ദീബാജിന്റെ പിതാവ്. ഹഫ്സ്വയുടെ പിതൃശ്രേണിയിൽ ആരൊക്കെയുണ്ടെന്ന് നോക്കൂ. റസൂൽ(സ), അബൂബക്കർ, ഉമർ, ഉസ്മാൻ, അലി, ത്വൽഹ, സുബൈർ(റ)!

– ഹഫ്സ്വയുടെ മാതാവ് ഖദീജ സുബൈറിന്റെ മൂന്നാം തലമുറയിൽ (സുബൈർ– ഉർവ–ഉസ്മാൻ– ഖദീജ) പെടുന്നു.

–ഇതിൽ ഉർവയുടെ മാതാവ് ആരെന്നറിയേണ്ടേ? അബൂബക്കറിന്റെ പുത്രി അസ്മാഅ്.

– ഹഫ്സ്വയുടെ പിതാവ് മുഹമ്മദിന്റെ മാതാവ് ഹുസൈന്റെ പുത്രി ഫാത്വിമയാണ്.


– ഹുസൈന്റെ പുത്രി ഫാത്വിമയുടെ മാതാവോ, ത്വൽഹയുടെ പുത്രി ഉമ്മു ഇസ്ഹാഖ്.

– ഹഫ്സ്വയുടെ പിതാമഹൻ അബ്ദുല്ലയുടെ മാതാവും ഒരു ഹഫ്സ്വയാണ്. ഉമറുബ്നുൽ ഖത്ത്വാബിന്റെ മകൻ അബ്ദുല്ലയുടെ മകൾ ഹഫ്സ്വ. അവരുടെ പേര് സൈനബ് (സൈനബ് ബിൻത്

## ചാർട്ട് 18

# മുഹമ്മദ് ദീബാജിന്റെ മകൾ ഹഫ്സ്വ

## (നാല് ഖലീഫമാർ, ത്വൽഹ, സുബൈർ എന്നിവരുടെ പേരമകൾ)



അബ്ദുല്ലാഹിബ്നു ഉമർ) ആയിരുന്നുവെന്ന് അഭിപ്രായമുണ്ട്.

പ്രിയപ്പെട്ട വായനക്കാരാ, അത്ഭുതകരമായ ഈ കുടുംബബന്ധത്തിന്റെ ചാരുത താങ്കളുടെ ശ്രദ്ധയാകർഷിക്കുന്നില്ലേ? ആരോപിക്കപ്പെടുന്ന സകല അഭിപ്രായ ഭിന്നതകൾക്കും മീതെയായിരുന്നു നബി കുടുംബത്തിന്റെയും സ്വഹാബത്തിന്റെയും സന്താന പരമ്പരകൾ തമ്മിലുള്ള ബന്ധങ്ങൾ എന്ന് ഇതിൽനിന്ന് വ്യക്തമാവുന്നില്ലേ?

ഖണ്ഡം - പത്തൊമ്പത്

# സത്യവിശ്വാസികളുടെ മാതാക്കളായ പ്രവാചക പത്നിമാർ

പതിനൊന്ന് പ്രവാചക പത്നിമാരുടെ കുടുംബങ്ങൾ പ്രവാചകന്റെ വംശാവലിയുമായി ചരിത്രത്തിന്റെ വിവിധ ഘട്ടങ്ങളിൽ സന്ധിക്കുന്നുണ്ട്. തിരുമേനിയുമായുള്ള അവരുടെ കുടുംബബന്ധം (നസബ്) ഇത് വ്യക്തമാക്കിത്തരും. ഇക്കാര്യം പറയുമ്പോൾ രണ്ട് മൂന്ന് കാര്യങ്ങൾ ശ്രദ്ധിക്കേണ്ടതുണ്ട്.

1. ഈ വംശപരമ്പരയിൽ ഹാരിസ് മുസ്തൽഖിയ്യയുടെ മകൾ ജുവൈരിയ പെടുന്നില്ല. കാരണം ഭൂരിപക്ഷ അഭിപ്രായ പ്രകാരം, ജുവൈരിയ ഖഹ്ത്വനി വംശക്കാരിയാണ്. ജൂത പ്രമുഖൻ ഹുയയ്യുബ്നു അഖ്തബിന്റെ മകൾ സ്വഫിയ്യയും ഇതിൽ പെടുന്നില്ല. ഇസ്ഹാഖ് നബി(അ)യുടെ പരമ്പരയിലാണ് സ്വഫിയ്യ വരുന്നത്.

2. നബിപത്നിമാരിൽ ഖദീജ(റ), ഖുസൈമയുടെ മകൾ സൈനബ്(റ) എന്നിവരൊഴികെ ബാക്കിയെല്ലാവരും നബിക്ക് ശേഷമാണ് മരണപ്പെട്ടത്.

3. ഈ പത്നിമാരെല്ലാം മരണശേഷം 'ബഖീഇ'ൽ ആണ് മറമാടപ്പെട്ടത്; ഖദീജ(റ)യും മൈമൂന(റ)യും ഒഴികെ. ഖദീജ(റ)യെ മക്കയിലെ 'ഹജൂനി'ലും മൈമൂന(റ)യെ 'സറഫ്' എന്ന സ്ഥലത്തുമാണ് മറമാടിയത്.

4. പ്രവാചകന്റെ മരണശേഷം ആദ്യമായി മരണപ്പെട്ട പ്രവാചക പത്നി ജഹ്ശിന്റെ മകൾ സൈനബ്(റ) ആണ്. ഹി. 20-ൽ. സൈനബിന് മാതാവ് ഉമൈമ വഴിയാണ് പ്രവാചകനുമായുള്ള വംശബന്ധം. അബ്ദുൽ മുത്ത്വലിബിന്റെ മകളും നബിയുടെ അമ്മായിയുമാണ്

ഉമൈമ.

5. പ്രവാചക പത്നിമാർ ഉദ്ധരിച്ച ഹദീസുകളുടെ എണ്ണം: ആഇശ 2210, ഉമ്മു സലമ 378, മൈമൂന 78, ഉമ്മു ഹബീബ 65, ഹഫ്സ്വ 60, ജഹ്ശിന്റെ മകൾ സൈനബ് 11, സ്വഫിയ്യ 10, ജുവൈരിയ്യ 7, സൗദ 5.

6. പ്രവാചക പത്നിമാരിൽ ഏക കന്യകയായിരുന്നു ആഇശ(റ)

7. നബി പത്നിമാരിൽ ഏറ്റവുമൊടുവിൽ മരണപ്പെട്ടത് ഉമ്മു സലമ(റ)– ഹിജ്റ 61–ൽ.

8. പ്രവാചകൻ ഒടുവിൽ വിവാഹം കഴിച്ചത് മൈമൂന(റ)യെ– ഹി. 7–ൽ.


ഇവിടെയിതാ വിശ്വാസികളുടെ മാതാക്കളുടെ വംശപരമ്പര. അവ ഏതേത് ചരിത്രഘട്ടങ്ങളിൽ പ്രവാചകന്റെ വംശപരമ്പരയുമായി ചേരുന്നു എന്നു കാണുക.

ചാർട്ട് 19

# വിശ്വാസികളുടെ മാതാക്കൾ

## അഥവാ പ്രവാചകന്റെ പ്രിയപത്നിമാർ

## (പ്രവാചക വംശാവലിയുമായി അവരുടെ ബന്ധം)



ഖണ്ഡം - ഇരുപത്

# സ്വർഗം വാഗ്ദാനം ചെയ്യപ്പെട്ട പത്തു പേർ

സ്വർഗം വാഗ്ദാനം ചെയ്യപ്പെട്ട പത്ത് സ്വഹാബി പ്രമുഖർ നബി കുടുംബവുമായി വംശപരമായി എങ്ങനെ ബന്ധപ്പെട്ടിരിക്കുന്നു എന്നാണ് ഈ ഖണ്ഡത്തിൽ പരിശോധിക്കുന്നത്. ഈ പത്ത് പേർ സ്വർഗംകൊണ്ട് സന്തോഷവാർത്ത അറിയിക്കപ്പെട്ടിരിക്കുന്നു എന്ന തിന് നിരവധി നബിവചനങ്ങൾ തെളിവാണ്.

അതിലൊന്നാണ് അബൂദാവൂദിന്റെ *സുനനിൽ* വന്ന ഈ ഹദീസ് (2/623):


ഒരിക്കൽ സഈദുബ്നു സൈദ് എണീറ്റ് നബി(സ) ഇങ്ങനെ പറയുന്നതിന് താൻ സാക്ഷിയാണെന്ന് വ്യക്തമാക്കിയ ശേഷം നബി യുടെ വാക്കുകൾ ഉദ്ധരിച്ചു: “പത്ത് പേർ സ്വർഗത്തിലാണ്. നബി സ്വർഗത്തിലാണ്, അബൂബക്കർ സ്വർഗത്തിലാണ്, ഉമർ സ്വർഗത്തി ലാണ്, ഉസ്മാൻ സ്വർഗത്തിലാണ്, അലി സ്വർഗത്തിലാണ്, ത്വൽഹ സ്വർഗത്തിലാണ്, സുബൈറുബ്നുൽ അവ്വാം സ്വർഗത്തിലാണ്, സഅ്ദുബ്നു മാലിക് സ്വർഗത്തിലാണ്, അബ്ദുർറഹ്മാനിബ്നു ഔഫ് സ്വർഗത്തിലാണ്.” സഈദ് പറഞ്ഞു: “വേണമെങ്കിൽ ഞാൻ പത്താമന്റെയും പേര് പറയാം.” അവർ ചോദിച്ചു: “ആരാണ് അദ്ദേഹം?” സഈദ് മിണ്ടിയില്ല. അവർ വീണ്ടും: “ആരാണ് പത്താ മൻ?” അപ്പോൾ സഈദ് പറഞ്ഞു: “സഈദുബ്നു സൈദ്.”

ഇനി താഴെ പറയുന്ന കാര്യങ്ങൾ ശ്രദ്ധിക്കുക:

1. പ്രവാചക സന്ദേശത്തിന്റെ പ്രചാരണത്തിൽ ഇവർ പ്രവാചക നോട് തോളോട് തോൾചേർന്ന് നിന്നവരാണ്. ആ അടുപ്പം കുടുംബ ബന്ധത്തിലും അവർ തമ്മിൽ ഉണ്ടായിരുന്നു.

# ചാർട്ട് 20

## സ്വർഗം കൊണ്ട് സന്തോഷ വാർത്ത അറിയിക്കപ്പെട്ട പത്തു സ്വഹാബികൾ



2. ഈ പത്ത് പേരുടെയും പൂർവികൻ ഇസ്മാഈൽ (അ). ഇബ്റാഹീമി(അ)ന്റെ പുത്രൻ.

3. അതിനാൽ ഇവരിലൊരാളെ ദുഷിച്ച് പറയുന്നത് പ്രവാചകന്റെ വംശപരമ്പരയെ ദുഷിക്കുന്നതിന് തുല്യമാവും.

4. ഇതിൽ ബനൂ സഹ്റാ കുടുംബത്തിൽ പെട്ട രണ്ട് പേർ – സഅ്ദും അബ്ദുർറഹ്മാനും– നബി(സ)യുടെ അമ്മാവൻമാരുടെ സ്ഥാനത്ത് വരും (മാതാവ് വഴിയുള്ള ബന്ധം).

5. രണ്ട് പേർ തൈം കുടുംബത്തിൽ നിന്നുള്ളവരാണ്. അബൂബക്കറും പിതൃ സഹോദരപുത്രനായ ത്വൽഹയും.

6. രണ്ട് പേർ അദിയ്യ് കുടുംബത്തിൽ നിന്നുള്ളവർ– ഉമർ, സഈദുബ്നു സൈദ്.

7. ഇവരിൽ അബൂബക്കറിന്റെ പിതാവ് മാത്രമാണ് ഇസ്‌ലാം സ്വീകരിച്ചത്.

8. നാല് ഖുലഫാഉർറാശിദുകളും കൂടിയാലോചനാസമിതി(ശൂറാ)യിലെ ആറ് പേരും ഇതിൽ ഉൾപ്പെടുന്നു!

9. പത്ത് പേരിൽ ആദ്യം മരിച്ചത് അബൂബക്കർ(റ). അവസാനം മരിച്ചത് സഅ്ദുബ്നു അബീ വഖ്ഖാസ്(റ).

10. ഇവരിൽ ഉമർ, ഉസ്മാൻ, അലി, ത്വൽഹ, സുബൈർ(റ) എന്നിവർ രക്തസാക്ഷികളായി.

11. പത്തു പേരും ബദ്റിന് സാക്ഷികൾ. രിള്വാൻ യുദ്ധപ്രതിജ്ഞയിൽ ഇവർ പങ്കാളികളായി– ഉസ്മാൻ(റ) ഒഴിച്ച്. ദൂതനായിപ്പോയ അദ്ദേഹം മക്കയിൽ വെച്ച് വധിക്കപ്പെട്ടു എന്ന അഭ്യൂഹം പരന്നതിനെ തുടർന്നായിരുന്നുവല്ലോ ബൈഅത്ത് രിള്വാൻ.

ഖണ്ഡം - ഇരുപത്തിയൊന്ന്

# ഇസ്‌ലാമിക രാഷ്ട്രം ഖുലഫാഉർറാശിദുകളുടെ കാലത്ത്

ചാർട്ടിൽ കൊടുത്ത ഭൂപടം ശ്രദ്ധിക്കുക. ഖുലഫാഉർറാശിദുകളുടെ ഭരണകാലമായ 30 വർഷം കൊണ്ട് എത്ര പെട്ടെന്നാണ് ഇസ്‌ലാമിക രാഷ്ട്രത്തിന്റെ വ്യാപനമുണ്ടായത്! ഈ നാടുകളത്രയും ഇസ്‌ലാമിനെയും അതിന്റെ ഭാഷയെയും സ്വന്തമാക്കി. പ്രവാചക കുടുംബവും അവിടുത്തെ നിസ്വാർഥരായ അനുയായികളും ഈ മഹത് വിജയത്തിൽ വഹിച്ച പങ്ക് ആർക്ക് വിസ്മരിക്കാനാവും?


അക്കാലത്ത് വിദൂര ദേശങ്ങളിലൊക്കെ എത്തിപ്പെടാനുള്ള ബുദ്ധിമുട്ടും പ്രയാസവും എത്രയാണ്? എന്നിട്ടും നബികുടുംബവും നബിശിഷ്യരും ആ വിദൂര ദിക്കുകളിലൊക്കെയുമെത്തി. അവരുടെ നിസ്വാർഥതയും ധീരതയും നാം ഏത് അളവു കോൽ വെച്ച് അളക്കും! “നിങ്ങൾ അല്ലാഹുവിനെ സഹായിക്കുന്നുവെങ്കിൽ അവൻ നിങ്ങളെ സഹായിക്കും, നിങ്ങളുടെ പാദങ്ങൾ ഉറപ്പിച്ചുനിർത്തുകയും ചെയ്യും” (*മുഹമ്മദ്* 7) എന്ന ഖുർആനിക സൂക്തത്തിന്റെ സാക്ഷാത്കാരമെന്നോണം അല്ലാഹു അവരെ നേർവഴിയിൽ നടത്തി, അത്ഭുതകരമായ വിജയങ്ങളും സമ്മാനിച്ചു. ചാർട്ട് ശ്രദ്ധിച്ചാൽ സ്വഹാബികൾ ഭൂലോകത്തിന്റെ പശ്ചിമപൂർവ ദിക്കുകളിലൊക്കെയും എത്തിപ്പെട്ടു എന്ന് നിങ്ങൾക്ക് മനസ്സിലാകും. എന്തിനു വേണ്ടി? അല്ലാഹുവിന്റെ ഈ മഹത്തായ സന്ദേശം സർവ ജനങ്ങൾക്കും എത്തിക്കാൻ.

ഉദാഹരണത്തിനു വേണ്ടി ഒരു നബികുടുംബത്തെക്കുറിച്ച പരാമർശം മാത്രം ഇവിടെ ചേർക്കാം.

ഇബ്നു അബ്ദിൽബർറ് അൽ അൻദുലുസി പറയുന്നു: “ഏറ്റവും അകന്നകന്ന് കഴിയുന്ന സ്വന്തക്കാരുടെ ഖബ്റുകൾ ഏതെന്ന് ചോദിച്ചാൽ അബ്ദുൽ മുത്ത്വലിബിന്റെ മകൻ അബ്ബാസിന്റെ കുടുംബത്തിന്റേതാണ് എന്നാണ് പറയാറുള്ളത്. ഇവരൊക്കെയും ജനിച്ചത് ഒരേ വീട്ടിലാണ്. പക്ഷേ, ഫള്ൽ രക്തസാക്ഷിയായത് അജ്നാദീനിൽ, മഅ്ബദും അബ്ദുർറഹ്മാനും മരിച്ചത് ആഫ്രിക്കയിൽ, അബ്ദുല്ല മരിച്ചത് ത്വാഇഫിൽ, ഉബൈദുല്ല യമനിൽ, ഖഥം മരിച്ചത് സമർഖന്ദിൽ....” (*അൽ ഇസ്തീആബ്* 1/59).


ഹസൻ, ഹുസൈൻ, അബ്ദുല്ലാഹിബ്നു ഉമർ, അബ്ദുല്ലാഹിബ്നു അബ്ബാസ്, അബ്ദുല്ലാഹിബ്നു സുബൈർ, അബ്ദുല്ലാഹിബ്നു അംറ് ബ്നുൽ ആസ് തുടങ്ങിയവരൊക്കെ അങ്ങ് പൗരസ്ത്യ ഭാഗത്ത് ത്വൂമൈസയും, പടിഞ്ഞാറ് ആഫ്രിക്കയും സബീത്വലയും കീഴടക്കുന്നതിൽ പങ്കാളികളായിരുന്നു.

## ചാർട്ട് 21




ഖുലഫാഉർറാശിദുകളുടെ കാലത്തെ
ഇസ്‌ലാമിക മുന്നേറ്റങ്ങൾ
യൂറോപ്പ്
റോമ
കോൺസ്റ്റന്റിനോപ്പിൾ
അർമീനിയ
അസർബീജാൻ
കാസ്പിയൻ സമുദ്രം
അമൂരിയ
ഹിർഖല
സിസ്‌ലി
ഖൈറുവാൻ
സൈപ്രസ്
മധ്യധരണ്യാഴി
ത്വബ്‌രിസ്താൻ
ഖുറാസാൻ
ഏഷ്യ
പേർഷ്യ
കൂഫ
ശാം
ബസ്വറ
അലക്സാന്ദ്രിയ
ഫുസ്ത്വാത്
പേർഷ്യൻ ഗൾഫ്
സിന്ധ്
ഈജിപ്ത്
മദീന
ആഫ്രിക്ക
ഒമാൻ
മക്ക
സുഡാൻ
അറേബ്യൻ ഉപദ്വീപ്
ചെങ്കടൽ
യമൻ
സൻആ
അറബിക്കടൽ
മതപരിത്യാഗ യുദ്ധത്തിനു ശേഷം ഏകീകരിക്കപ്പെട്ട അറേബ്യ
അബൂബക്കറിന്റെ കാലത്തെ വിജയങ്ങൾ
ഉമറിന്റെ കാലത്തെ വിജയങ്ങൾ
ഉസ്മാന്റെ കാലത്തെ വിജയങ്ങൾ
അലിയുടെ കാലത്തെ വിജയങ്ങൾ

## من إصداراتنا
## More Others













دار التعريف بالإسلام
ISLAM PRESENTATION
ipb@gmail.com - www.ipbshop.com

مكتبة IPB BOOKSHOP

للمساهمة معنا في مشروع طباعة الكتب: 24713897 - 22444117

الإدارة: الفروانية - ق6 - ش3 - بناية رقم 137 - فاكس: 24713873 - ص.ب 1613 الصفاة 13017 - الكويت
المعرض: الكويت - شارع فهد السالم - خلف مسجد الملا صالح - تليفاكس: 22427383